# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൊച്ചാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1183/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൊച്ചാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1183/2023 തീയ്യതി: 20/09/2023

## കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ KAS | ഡെപ്യൂട്ടി ഡയറക്ടർ | 27-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ വി ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ,
ശ്രീ. ഷിബിൻ. കെ എസ്, സീനിയർ ഗ്രേ. ഓഡിറ്റർ,

ശ്രീമതി. ജിഷ പി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശാരദ പട്ടേരിക്കണ്ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പി നാരായണൻ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി ഷബീന കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 09-10-2022 |
| ശ്രീ. അനീഷ് അരവിന്ദ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. നിതഗോപാൽ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, | 01-04-2022 | 10-04-2022 |
| ഡോ. അബ്ദുൾ റാസിക് ടി | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 11-04-2022 | 17-01-2023 |
| ഡോ. നിതഗോപാൽ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 18-01-2023 | 02-02-2023 |
| ഡോ. അബ്ദുൾ റാസിക് ടി | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | 03-02-2023 | 31-03-2023 |
| ശ്രീമതി അശ്വതി ഹർഷൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. റസീന മന്നത്ത് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷബീന കെ പി | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. എസ്. കവിത | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 01-04-2022 | 29-06-2022 |
| ഡോ.റീന പാടിക് | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 29-06-2022 | 06-01-2023 |
| ഡോ.ബിന്ദു. എസ് | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 07-01-2023 | 03-03-2023 |

| | | | |
|---|---|---|---|
| ഡോ.റീന പാടിക് | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 04-03-2023 | 31-03-2023 |
| ശ്രീ .സുധീഷ് കുമാർ ഒ വി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷഹിൻ പി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 15-05-2022 |
| | | 12-08-2022 | 31-03-2023 |
| ശ്രീമതി ഷീന. പി വി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ (ഇൻചാർജ്ജ്) | 16-05-2022 | 11-08-2022 |
| ശ്രീമതി ജിഷ ഒ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ശ്യാംചന്ദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 17-12-2022 |
| ശ്രീ ജയപ്രകാശ്.ഇ കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 17-12-2022 | 31-03-2023 |
| ശ്രീ സതീശൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 29-06-2022 |
| ശ്രീ ബാബുരാജ്. വി കെ | ഹെഡ് മാസ്റ്റർ | 30-06-2022 | 31-03-2023 |
| ശ്രീമതി ഷീന ടി പി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി നൈന പി ശിവൻ | വി.ഇ.ഒ. II | 01-04-2022 | 31-05-2022 |
| ശ്രീമതി ഷീന ടി പി | വി.ഇ.ഒ. II അധിക ചുമതല | 01-06-2022 | 09-10-2022 |
| ശ്രീ ശരത്ത് എം | വി.ഇ.ഒ.II | 10-10-2022 | 27-12-2022 |
| ശ്രീമതി ഷീന ടി പി | വി.ഇ.ഒ. II അധിക ചുമതല | 28-12-2022 | 16-02-2023 |
| ശ്രീ യദുകൃഷ്ണൻ | വി.ഇ.ഒ.II | 17-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ലെഡ്ജർ ബാലൻസുകളും പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | മുൻവർഷത്തെ നീക്കിയിരിപ്പും തൻവർഷത്തെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 1-9 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 19 | സംരംഭക ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല | 1-11 |
| 20 | റെഗുലറൈസേഷൻ അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു | 1-12 |
| 21 | അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതും മറ്റ് അപാകതകളും | 1-13 |
| 22 | എക്സിസ്റ്റിങ്ങ് ഏരിയയിലുള്ള വ്യത്യാസം-നികുതി നഷ്ടം | 1-14 |
| 23 | നികുതി പിരിവ്-അവലോകനം | 1-15 |
| 24 | കംപ്യൂട്ടർ, സെർവർ - എ. എം. സി പുതുക്കൽ - അധിക തുക നൽകി | 1-16 |
| 25 | ആസ്തി ഡിജിറ്റലൈസേഷൻ - ജി. ഐ. എസ് മാപ്പിംഗ് - പ്രോജക്ട് | 1-17 |

| | | |
|---|---|---|
| | നടത്തിപ്പിലെ അപാകതകൾ | |
| 26 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയായില്ല | 1-18 |
| 27 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-19 |
| 28 | തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ (എസ്.സി)- രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ | 1-20 |
| 29 | തുല്യതാ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 30 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-22 |
| 31 | അജൈവ മാലിന്യസംസ്കരണം - അപാകതകൾ | 1-23 |
| 32 | ആക്കുപറമ്പ് മച്ചലത്ത് താഴെ മഠത്തിൽ മുക്ക് റോഡ് - കരിങ്കൽ കെട്ടിന് അമിത നിരക്ക് നൽകി - പഞ്ചായത്തിന് അധിക ചെലവ് | 1-24 |
| 33 | എൻ.ആർ.ഇ.ജി.എസ്.- പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 34 | കൽപ്പത്തൂർ (ആക്കുപറമ്പ്) സബ്സെന്റർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തികൾ - നിരക്ക് കണക്കാക്കിയതിൽ പിശക് | 1-26 |
| 35 | ചേരിപ്പേരി കീരിക്കണ്ടി റോഡ് - സൈഡ് വാൾ നിർമ്മാണത്തിന് തെറ്റായ ഇനം ഉൾപ്പെടുത്തിയത് സംബന്ധിച്ച് | 1-27 |
| 36 | എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റിലെ നിരക്കിൽ തുക നൽകുന്ന - പഞ്ചായത്തിന് അധിക ചെലവ് | 1-28 |
| 37 | തുമ്പൂർമുഴി പ്ലാന്റ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-29 |
| 38 | ടേക്ക് എ ബ്രേക്ക് - ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല | 1-30 |
| 39 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - മുഴവൻ മരുന്നുകളും ലഭ്യമായില്ല | 1-31 |
| 40 | മുൻകൂർ നൽകിയ തുകകൾ ക്രമപ്പെടുത്തുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല | 1-32 |
| 41 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയില്ല | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ആക്കുപറമ്പ് മച്ചലത്ത് താഴെ മഠത്തിൽ മുക്ക് റോഡ് -കരിങ്കൽ കെട്ടിന് അമിത നിരക്ക് നൽകി - പഞ്ചായത്തിന് അധിക ചെലവ് | 3-1 |
| 2 | കൽപ്പത്തൂർ (ആക്കുപറമ്പ്)സബ്സെന്റർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തികൾ - നിരക്ക് കണക്കാക്കിയതിൽ പിശക് | 3-2 |

| | | |
|---|---|---|
| 3 | ചേരിപ്പേരി കീരിക്കണ്ടി റോഡ് - സൈഡ് വാൾ നിർമ്മാണത്തിന് തെറ്റായ ഇനം ഉൾപ്പെടുത്തിയത് സംബന്ധിച്ച് | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 26.06.2023 ലെ 4(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ

അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). ഇത് ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പി(നം.8)ന് ലഭ്യമാക്കിയ മറുപടിയിൽ വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതിന് ILGMS സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കാത്തതിനാലാണ് വാർഷികകണക്കിൽ ടി വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ സാധിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ഇത് ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പി(നം.8)ന് ലഭ്യമാക്കിയ മറുപടിയിൽ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഉള്ള വിവരങ്ങൾ ഓട്ടോ ജനറേറ്റഡ് ആണെന്ന് അറിയിച്ചിട്ടുണ്ട്.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3581916/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45375672/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലെന്നും, ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്നും, ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പി(നം.8)ന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തികളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തി പൂർത്തീകരിച്ചതായും ഈ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി, വാടക മുതലായ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവുകളുടേയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് 31.03.2023 തിയ്യതിയിൽ മാത്രമാണ്.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിന് നൽകിയ അന്വേഷണക്കുറിപ്പി(നം.8)ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-5 ലെഡ്ജർ ബാലൻസുകളും പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ മാത്രമാണ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നത്.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിന് നൽകിയ അന്വേഷണക്കുറിപ്പി(നം.8)ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ വരവിനങ്ങളുടെ രജിസ്റ്ററുകൾ പ്രതിമാസം ലഡ്ജറുമായി പൊരുത്തപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 32,880/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 2,26,600/- രൂപയും ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. എന്നാൽ സംയുക്ത പദ്ധതികൾക്കായുള്ള TSB അക്കൗണ്ടിൽ (നം.79901100001359) നീക്കിയിരിപ്പ് തുകയില്ല. മേൽ കാണിച്ച തുക 20.03.2023 ന് റിഡംപ്ഷനായി അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ആയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ 31.3.2023 ന് നീക്കിയിരിപ്പായി തുക കാണിക്കാനുണ്ടായ സാഹചര്യം വിശദീകരിച്ചിട്ടില്ല. റിഡംപ്ഷനായി തുക തിരികെ ലഭിച്ചപ്പോൾ ഈ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല. ഈ തുകകൾ ഏത് പദ്ധതിയ്ക്ക് വേണ്ടി ലഭിച്ചതാണോ ആ ആവശ്യത്തിന് ചെലവഴിക്കേണ്ടതും അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-7 മുൻവർഷത്തെ നീക്കിയിരിപ്പും തൻവർഷത്തെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP 40(b) , ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 എന്നിവ പ്രകാരം ഉൾപ്പെട്ടിട്ടുള്ള 31.03.2022 ന് 363452/- രൂപയുടെ നീക്കിയിരിപ്പ് ഉള്ളതായ പി.എൻ.ബി ബാങ്ക് അക്കൗണ്ട് (നം. 106088) 2022-23 വാർഷിക കണക്കിൽ - റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP 40(a)- ഉൾപ്പെടുത്തിയിട്ടില്ല. 2021-22 വാർഷികകണക്ക് പ്രകാരം സാമ്പത്തിക വർഷാവസാനത്തിലെ നീക്കിയിരിപ്പ് തുക 13026310/- രൂപയും, 2022-23 വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 12662859/- രൂപയുമാണ്. മുകളിൽ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ മുൻ വർഷ നീക്കിയിരിപ്പിനേക്കാൾ തൻവർഷത്തെ മുന്നിരിപ്പിൽ 363452/- രൂപയുടെ കുറവുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-2 ബജറ്റ്

നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 ലെ 1(1) നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 17.02.2023ലെ 11(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 3795924 |
| വരവ് | 371761640 |
| ആകെ | 375557564 |

| | |
|---|---|
| ചെലവ് | 372715640 |
| നീക്കിയിരിപ്പ് | 2841924 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12662859 |
| വരവ് | 39683189 |
| ആകെ | 52346048 |
| ചെലവ് | 36101273 |
| നീക്കിയിരിപ്പ് | 16244775 |

(റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്തതായുള്ള തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19329217 | 19329217 | 19298082 | 31135 |
| എസ് സി പി (ACR പ്രകാരം) | 0 | 4807079 | 4807079 | 4807079 | 0 |
| ടി എസ് പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 14417000 | 14417000 | 4541314 | 9875686 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 5643000 | 5643000 | 4979398 | 663602 |
| CFC ഗ്രാന്റ് Tied ട്രഷറി മുഖേന (ACR പ്രകാരം) | 17782 | 17782 | 17782 | 17782 | 0 |
| CFC ഗ്രാന്റ്-tied- | 145716 | 4773000 | 4918716 | 3767855 | 1150861 |

| | | | | | |
|---|---|---|---|---|---|
| PFMS മുഖേന | | | | | |
| CFC ഗ്രാന്റ് Untied ട്രഷറി മുഖേന (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| CFCഗ്രാന്റ് Untied PFMS മുഖേന | 116485 | 3298069 (3182000+ 116069(int.)) | 3414554 | 2734158 | 680396 |

## 1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(റോഡ് & നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 19329217 | 24124783 |
| വികസനഫണ്ട് (എസ്.സി.പി) | 4807079 | 6820921 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 14417000 | 14523891 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 5643000 | 5713603 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കി യതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 100106977 | 80 | 58292786 | 28 | 24 | 60% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 112172 | 1880381 | 1992553 | 1868724 | 123829 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 135810200 | 135810200 | 135810200 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9291400 | 853 |
| വിധവാപെൻഷൻ | 11495800 | 1087 |
| വാർദ്ധക്യകാലപെൻഷൻ | 22222000 | 2320 |
| വികലാംഗപെൻഷൻ | 4034900 | 384 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 417600 | 39 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.8.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,313/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ അപാകതകൾ

(I)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം നൊച്ചാട് ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത്

നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. ബിജു ചാലക്കര, ചാലക്കര (H), മാറ്റനോട്

2) ശ്രീ. സേതുനാഥ്.വി, ഇളയടത്ത് (H), കൽപ്പത്തൂർ (PO), മേപ്പയ്യൂർ

3) ശ്രീ. രാജീവൻ.കെ.പി, കുന്നംപാറപ്പൊയിൽ (H), പേരാമ്പ്ര

4) ശ്രീ. ഗോവിന്ദൻ നായർ.എൻ.എം, ശോഭന നിവാസ് (H), കോട്ടൂർ

5) ശ്രീ. ഗഫൂർ, പടിക്കാട് (H), നൊച്ചാട്

6) ശ്രീ. മുഹമ്മദ് ജഷീം, മുക്കോൽ, നടുവണ്ണൂർ

7) ശ്രീ. സജിത്ത്. സി, ചെറുവോട്ട്, കൽപ്പത്തൂർ

8) ശ്രീ. ശ്രീനാഥ്. എം. സി

9) ശ്രീ. വിനോദ്. കെ. ആർ

10) ശ്രീ. ബിജു. ടി. വി

Ii) വാടക വരുമാനം ആർജ്ജിക്കുന്ന കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാക്കിയ വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാക്കുന്ന കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഡി&ഒ ലെസൻസ് നം. | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 6/12 B | 385 | 7000/- | ശ്രീ.ഏങ്ങേരി ബാലൻ, ഏങ്ങേരി(H),ചേനോളി(PO) |
| 2 | 8/286 B,C,D,E.F | 328 | 30000/- | ശ്രീമതി. എടത്തിൽ നളിനി, വാകയാട് |
| 3 | 8/20 D,E | 325 | 7500/- | ശ്രീ. ലൈജു നമ്പ്യാർ, ശ്രീമതി. ലൈനി |
| 4 | 16/472 A | 308 | 5000/- | ശ്രീ.സുരേന്ദ്രൻ.യു, കൽപ്പത്തൂർ |
| 5 | 8/8 E A | 286 | 6000/- | ശ്രീ.റിയാസ്ചേലേരി, വാകയാട് |

Iii)അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. നൊച്ചാട് ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) നൊച്ചാട് വുഡ് ഇൻഡസ്ട്രീസ്

2) കൽപ്പത്തൂർ സൂപ്പർമാർക്കറ്റ്

3) മുളിയങ്ങൽ വനിതാ സഹകരണസംഘം

4) സ്നേഹ ഫുഡ് പ്രോഡക്ട്സ്

5) അക്ഷയ സെന്റർ, മുളിയങ്ങൽ

6) സുഭിക്ഷ കോക്കനട്ട് പ്രോഡക്ട്സ്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/22-23, തീയതി-03.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് നികുതി ഈടാക്കി രേഖകള സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ മെച്ചപ്പെട്ടതാണ്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുവരുന്നുണ്ട്. വരവ് രജിസ്റ്ററുകൾ തൃപ്തികരമായ തരത്തിൽ സൂക്ഷിപ്പിട്ടുണ്ട്. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകളെല്ലാം തന്നെ തയ്യാറാക്കിയിട്ടുണ്ട്. കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രകാശിപ്പിക്കുന്ന മുഴുവൻ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

## 1-11 സംരംഭക ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല

സംരംഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2022-23ൽ 489 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 1871 കെട്ടിട നമ്പറുകളിലാണ് വാണിജ്യ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ തന്നെ ബാക്കിയുള്ള കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് സാദ്ധ്യതയുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 8/8LA എന്ന കെട്ടിടം ഒഴിവായി കിടക്കുന്നുണ്ട്. എന്നാൽ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ലൈസൻസ് എടുത്തിട്ടുണ്ട്. ട്രേഡ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. ലൈസൻസിനായുള്ള പുതിയ അപേക്ഷകൾ പരിശോധിച്ചതിൽ 8/8LA കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആൻഡ്രൂസ് ഡ്രൈവിങ്ങ് സ്കൂൾ ഓൺലൈൻ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് 23.1.23 ന് 439/22-23 നമ്പറായാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 12.1.23 ന് ലൈസൻസിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ എഗ്രിമെന്റിൽ 2020 ഒക്ടോബർ മുതൽ 5 വർഷത്തേയ്ക്ക് ഉപയോഗിക്കുന്നതിനാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. എന്നാൽ 12.1.23 വരെ ലൈസൻസ് എടുത്തത്

സംബന്ധിച്ച് വിവരം ലഭ്യമല്ല. ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിച്ചതിന് വിശദീകരണം നൽകേണ്ടതാണ് .

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. നിലവിൽ ലൈസൻസ് ഡിമാൻറ് പൂർണ്ണമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 1-12 റെഗുലറൈസേഷൻ അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു

ഫയൽ നമ്പർ 1413/5.7.22

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ ശ്രീമതി. മറിയം, മേപ്പാട്ട്, നൊച്ചാട് എന്നവർ 71.29 ച.മീ വിസ്തീർണ്ണമുള്ള പൂർത്തീകരിച്ച വാണിജ്യകെട്ടിടത്തിന് റെഗുലറൈസേഷൻ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ അന്വേഷണം നടത്തിയ ഓവർസിയർ പെർമിറ്റ് പ്രകാരമുള്ള രീതിയിലല്ല കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളതെന്നും ടോയ് ലെറ്റ് നിർമ്മാണം നടത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 14 ദിവസത്തിനകം നിർമ്മാണം നടത്തി പ്ലാൻ പുന:സമർപ്പിക്കുന്നതിനും അല്ലാത്തപക്ഷം താങ്കളുടെ അപേക്ഷ നിരസിക്കുന്നതാണെന്നും അറിയിച്ച് 1.8.2022 ന് 400956/BRMC02/GPO/2022/1413(1) നമ്പർ കത്ത് നൽകിയതായി കാണുന്നു. എന്നാൽ നാളിതുവരെ മേൽ കെട്ടിടം അപാകത പരിഹരിക്കുകയോ റഗുലറൈസ് ചെയ്ത് നികുതി നിർണ്ണയിക്കുകയോ ചെയ്തതായി കാണുന്നില്ല. മേൽ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

ഫയൽ നമ്പർ 482/22/9.5.22

മേൽ ഫയൽ പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്ത് 12 ാം വാർഡിൽ ശ്രീ. ബിജു സി. കെ, ചാലക്കര എന്നവർ 2056 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 1.8.22 ന് അപാകതകൾ അറിയിച്ച് കത്ത് നൽകിയതായി കാണുന്നു. കെ.പി.ബി.ആർ റൂൾ 26(11) ബേസ്മെന്റ് ഫ്ലോർ ഓപ്പൺ സ്പേസ് പാലിച്ചിട്ടില്ല, റൂൾ 79(3) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡ് നിബന്ധനകൾ പാലിച്ചിട്ടില്ല എന്നീ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കാൻ 3 തവണ ആവശ്യപ്പെട്ടിട്ടും അപാകതകൾ പരിഹരിച്ച് ഫയൽ സമർപ്പിക്കാത്തതിനാൽ അപേക്ഷ നിരസിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനായുള്ള മേൽ അപേക്ഷ ചട്ടങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതാണെന്നും എന്നാൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതും ടി കെട്ടിടത്തിൽ അനധികൃതമായി ടൈലുകളും മറ്റും ശേഖരിച്ച് വിൽപ്പന നടത്തുന്ന ഗോഡൗൺ പ്രവർത്തിക്കുന്നതായും വാർഡ് ക്ലർക്ക് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും നിയമാനുസൃതമായ അനുമതി വാങ്ങാതെ അനധികൃമായി നിയമം ലംഘിച്ച് നടത്തിയ നിർമ്മാണം ഈ ഉത്തരവ് കിട്ടി ഉടനടി പൊളിച്ചുമാറ്റേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 235(W)(1) വകുപ്പ് അനുസരിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ച് 18.11.22 ലെ SC2-4127/2022 പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. 7.12.22 ന് നൊച്ചാട് ഗ്രാമപഞ്ചായത്ത് 12 ാം വാർഡിൽ മുളിയങ്ങൽ - വാല്ല്യക്കോട് കനാൽ റോഡ് സെഡിനരികിലായി ബിജു, ചാലക്കര എന്നവരുടെ അധീനതയിലുള്ള സി. കെ. മെറ്റീരിയൽസ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ അനുമതി കൂടാതെ നിർമ്മാണ പ്രവൃത്തി നടത്തിവന്നതിനെ തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു എന്നും ഇപ്പോഴും നിർമ്മാണ പ്രവൃത്തി നടത്തിവരുന്നതായി അറിവായിട്ടുണ്ട് എന്നും ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി നിർത്തിവെയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതായി കാണുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കാത്ത മേൽ കെട്ടിടം നിലവിൽ അനധികൃത കെട്ടിടത്തിന്റെ ഗണത്തിൽ പെടുത്തുകയോ പൊളിച്ചു നീക്കുകയോ ചെയ്തതായ വിവരം ഫയലിൽ ലഭ്യമല്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.
അഅപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-13 അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതും മറ്റ് അപാകതകളും

1. ക്രമവൽക്കരണ ഫീസ് ഈടാക്കിയില്ല

ഫയൽ നമ്പർ-2904/22

ഗ്രാമപഞ്ചായത്തിലെ വാർഡ് 10 ൽ ശ്രീ. അമ്മോട്ടി എന്നവർ 13.9.22 ന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായി കാണുന്നു. കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ 4577/2020 തിയ്യതി 23.12.2020 പ്രകാരം 631.84 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനാണ് പെർമിറ്റ് ലഭിച്ചിട്ടുള്ളത. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം പൂർത്തീകരിച്ച കെട്ടിടത്തിന് 730.80 ച.മീ വിസ്തീർണ്ണമുണ്ട്. മേൽ കെട്ടിടത്തിന് 10/21 A,B,C,D,E,F,G,H,I,J,K,L,M,N നമ്പർ നൽകി സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ്ങ് മാളുകൾ എന്ന നിരക്കിൽ നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അധിക തറവിസ്തീർണ്ണത്തിന് ബാധകമായ റെഗുലറൈസേഷൻ ഫീ ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അധികനിർമ്മാണത്തിന് അനുസൃതമായി ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിച്ചതായി കാണുന്നില്ല. കെട്ടിടം ക്രമവൽക്കരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.സഞ്ചയയിൽ മേൽത്തരം തറനിർമ്മിതി രേഖപ്പെടുത്തിയെങ്കിലും നികുതി വർദ്ധനവ് വരുന്നില്ല

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടത്തിലെ) 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ 250 ച.മീ താഴെയുള്ള മുറികൾക്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ചട്ടപ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. കെട്ടിട നിർമ്മാണ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഒരു കെട്ടിടത്തിന്റെ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർദ്ധനവുണ്ട്. സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോറം 6 പ്രകാരം ഒരു ഉടമസ്ഥന്റെ ഒരേ ഉപയോഗത്തിന് ഉപയോഗിക്കുന്ന ഒരു കെട്ടിടത്തെ വ്യത്യസ്ത നമ്പർ നൽകി നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, സഞ്ചയ സ്സോഫ്റ്റ് വെയറിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാത്രമേ ഇത്തരത്തിലുള്ള വർദ്ധനവ് ബാധകമാവുകയുള്ളൂ എന്നതിനാലും തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. മേൽ കെട്ടിടത്തിന് 10/21 A,B,C,D,E,F,G,H,I,J,K,L വരെയുള്ള വയ്ക്ക് 30.45 ച.മീ വീതം ആകെ 365.40 ച.മീ ഗ്രൗണ്ട് ഫ്ലോർ, M,N എന്നിവയ്ക്ക് 182.7 വീതം 365.40 ച.മീ ഉൾപ്പെടെ ആകെ 730.80 ച.മീ വിസ്തീർണ്ണമുണ്ട്. മേൽ കാരണത്താൽ 2022-23 ൽ നികുതി നിർണ്ണയിച്ച മേൽ കെട്ടിടത്തിനും നികുതി നഷ്ടം സംഭവിക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നു.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. 250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യം/പാർപ്പിടാവശ്യം ഉൾപ്പെടെ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തി തറ നിർമ്മിതി മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവ ആണെങ്കിൽ ആയവയ്ക്ക് ചുമത്താവുന്ന 15% വർദ്ധനവ് വരുത്തി നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 എക്സിസ്റ്റിങ്ങ് ഏരിയയിലുള്ള വ്യത്യാസം-നികുതി നഷ്ടം

ഫയൽ നമ്പർ 3536/22

ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ ശ്രീ. രജീഷ്, കാർത്ത്യായനി എന്നവർ 4.11.22 ന് നിലവിലുള്ള പാർപ്പിട കെട്ടിടത്തിനോട് കൂട്ടിച്ചേർത്ത് നിർമ്മാണം നടത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിലെ പ്ലാൻ പ്രകാരം നിലവിലുള്ള 4/66 നമ്പർ പാർപ്പിട കെട്ടിടത്തിലെ ഗ്രൗണ്ട് ഫ്ലോർ 111.33 ച.മീ, കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന ഗ്രൗണ്ട് ഫ്ലോർ 167.39 ച.മീ, കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന ഒന്നാം നില 56.93 ച.മീ എന്നിങ്ങനെ ആകെ വിസ്തീർണ്ണം 335.65 ച.മീ ഉണ്ട്. എന്നാൽ സഞ്ചയ പ്രകാരം കെട്ടിട നമ്പർ 4/66 യുടെ നിലവിലുള്ള വിസ്തീർണ്ണം 32.8 ച.മീ മാത്രമാണ്. അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. അപേക്ഷ പരിശോധിച്ചതിൽ നിന്നും 111.33-32.8 =78.53 ച.മീ അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

അധികനിർമ്മാണം നടത്തിയത് ക്രമവൽക്കരിച്ച് സഞ്ചയയിൽ ഉൾപ്പെടുത്താത്തതിനാൽ അധികനിർമ്മാണത്തിന് അനുസൃതമായി വസ്തുനികുതി ഇനത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. അധികനിർമ്മാണത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കാത്തതിനും സഞ്ചയയിൽ മേൽ വിസ്തീർണ്ണം ഉൾപ്പെടുത്താത്തതിനും മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 നികുതി പിരിവ്-അവലോകനം

ഗ്രാമപഞ്ചായത്ത് 1.4.2023 ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ ഉൾപ്പെട്ട കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ പുതിയ നിരക്കുകൾ ചേർക്കുന്നതിനും 1.4.23 മുതലുള്ള വസ്തുനികുതി മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. പ്രദേശത്തിന്റെ വികസന സ്ഥിതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണോ മേഖലാ വിഭജനം നടത്തിയിട്ടുള്ളതെങ്കിലും അന്തിമ വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് വികസനത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ റോഡ് മാസ്റ്റർ കാലികമാക്കിയിട്ടില്ല. ജി.ഐ.എസ് മാപ്പിങ്ങ് വഴി റോഡുകളുടെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. വസ്തുനികുതി ഇനത്തിൽ ഇ പെയ്മെന്റ് വഴി അടവാക്കുന്ന തുക സഞ്ചയ സോഫ്റ്റ് വെയറിൽ അതാത് കെട്ടിട നമ്പറിൽ അതേ ദിവസം തന്നെ പോസ്റ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും തനത് ഫണ്ട് അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റ് ആവുന്നില്ല. സർക്കുലർ RB3/178/2020 - ത.സ്വ.ഭ.വ തി. 20.6.2022 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നുണ്ട്. അനധികൃത നിർമ്മാണമെന്ന് കണ്ടെത്തുന്നവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചു വരുന്നുണ്ട്. പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം വാർഡ് അടിസ്ഥാനത്തിൽ ഡിപ്ലോമക്കാരെ നിയോഗിച്ച് അധിക നിർമ്മാണം നടത്തി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി അധിക നിർമ്മാണത്തിന് ഫൈൻ ഉൾപ്പെടെ നികുതി ഈടാക്കിയിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ലഭ്യമായതിന് ശേഷം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനും ആയത് വഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് – പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുകയും തനത് വരുമാനം പൂർണ്ണമായി ഈടാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധ ചെലുത്തുന്നുണ്ട്.

1-16 കംപ്യൂട്ടർ, സെർവർ - എ. എം. സി പുതുക്കൽ - അധിക തുക നൽകി

പ്രോജക്റ്റ് നം. - 156/23

പ്രോജക്റ്റ് - കംപ്യൂട്ടർ സെർവർ - എ. എം. സി പുതുക്കൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 1,30,685/- രൂപ – തനത് ഫണ്ട്

ചെലവ് തുക - 1,30,685/- രൂപ

( ബിൽ നമ്പർ 257/22-23 തീയതി 2.3.2023 )

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ സെർവർ, 11 കംപ്യൂട്ടറുകൾ എന്നിവയുടെ വാർഷിക പരിപാലനം ഉറപ്പു വരുത്തുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയതാണ് ഈ പ്രോജക്റ്റ്. ഇതിനായി 20.1.2023 ന് കെൽട്രോണുമായി കരാറിലേർപ്പെട്ടു. കരാർ പ്രകാരം കെൽട്രോൺ ആവശ്യപ്പെട്ടത് 1,06,908/- രൂപയാണ്. 24.1.2023 ലെ കെൽട്രോണിന്റെ CLT/14057/22-23 നമ്പർ ഇൻവോയ്സ് പ്രകാരവും നൽകേണ്ടത് 1,06,908/- രൂപയാണ്. എന്നാൽ 2.3.2023 ന് 1,30,685/- രൂപ കെൽട്രോണിന് ഈയിനത്തിൽ നൽകി. ഇപ്രകാരം 23,777 രൂപ കെൽട്രോണിന് അധികം നൽകാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 4/2022-23 തീയതി 1.8.2023 ) 3.8.2023 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോണിന് അധികം നൽകിയ 23,777 രൂപ 2023-24 വർഷത്തെ വാർഷിക പരിപാലനം ഇനത്തിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. 2023-24 വർഷത്തെ വാർഷിക പരിപാലനം ഇനത്തിൽ കെൽട്രോണിന് തുക അനുവദിക്കുമ്പോൾ ഇപ്രകാരം തുക ക്രമീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-17 ആസ്തി ഡിജിറ്റലൈസേഷൻ - ജി. ഐ. എസ് മാപ്പിംഗ് - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. - 135/23

പ്രോജക്റ്റ് - ആസ്തി ഡിജിറ്റലൈസേഷൻ - ജി. ഐ. എസ് മാപ്പിംഗ്

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 8,00,000/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

ചെലവ് തുക - 7,99,999/- രൂപ

( 1,95,266/- രൂപ - ബിൽ നമ്പർ 524/22-23 തീയതി 11.1.2023, 22,251/- രൂപ - ബിൽ നമ്പർ 754/22-23 തീയതി 18.3.2023, 5,82,482/- രൂപ - ബിൽ നമ്പർ 081/22-23 തീയതി 30.3.2023 )

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഉടമസ്ഥത / അധീനതയിലുള്ളതും പുതുതായി ആർജ്ജിച്ചിട്ടുള്ളതും ആയ റോഡുകളുടെ ഫീൽഡ് തല വിവര ശേഖരണം നടത്തി, സൂക്ഷ്മ പരിശോധന നടത്തി, ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ പ്രോജക്റ്റ്. ആയതിനായി വിവര ശേഖരണം, പരിശോധന, ഡാറ്റാ എൻട്രി എന്നിവയ്ക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിന് 8,00,000/- രൂപ വികസന ഫണ്ട് വകയിരുത്തിയാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയത്. 4.10.2018 ലെ സ. ഉ. ( സാധാ. ) നം. 2556/2018/ത.സ്വ.ഭ.വ. പ്രകാരം ഈ പ്രവൃത്തി ഏറ്റെടുക്കുന്നതിന് സർക്കാർ ULCCS ന് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി 30.11.2022 ന് 3/2022-23 നമ്പറായി ഗ്രാമ പഞ്ചായത്ത് ULCCS യുമായി കരാർ വെച്ചിട്ടുണ്ട്. കരാർ പ്രകാരം ചെയ്യേണ്ട പ്രവൃത്തിയുടെയും വിവിധ ഘട്ടങ്ങളിൽ നൽകേണ്ട തുകയെയും സംബന്ധിച്ച വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഘട്ടം | നൽകേണ്ട തുക |
|---|---|---|

| | | |
|---|---|---|
| 1 | Base Map Preparation And Drone Survey | 7,53,170 |
| 2 | Building Property Survey | 11,682 |
| 3 | Software Configuration And Hosting | 28,118 |
| 4 | Data Integration, Commissioning And Handing Over | 7,029 |
| | Total | 7,99,999 |

ഗ്രാമ പഞ്ചായത്ത് പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും ഓഡിറ്റ് വർഷം ULCCS ന് നൽകിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും സ്ഥാപനം പൂർത്തീകരിച്ച് ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി, ആസ്തി രജിസ്റ്റർ കാലികമാക്കിയതായോ, ആയത് ഗ്രാമ പഞ്ചായത്ത് പരിശോധിച്ച് ബോധ്യപ്പെട്ടതായോ രേഖകളില്ല. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും ULCCS ന് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 1.8.2023 ) 3.8.2023 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും സ്ഥാപനം പൂർത്തീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി ആയത് സോഫ്റ്റ് വെയറിൽ ലഭ്യമാക്കിയെന്നും ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും സ്ഥാപനം പൂർത്തീകരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി ആയത് ഗ്രാമപഞ്ചായത്ത് നിലവിൽ ഉപയോഗിക്കുന്ന ഐ.കെ.എം. തയ്യാറാക്കിയ സോഫ്റ്റ് വെയറിൽ ലഭ്യമാക്കി ഉപയോഗിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയായില്ല

പ്രോജക്ട് നം. - 168/23

പ്രോജക്ട് - മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 1,50,000/- രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് തുക - 95,702/- രൂപ

( 95,702/- രൂപ - ബിൽ നമ്പർ 411/22-23 തീയതി 30.3.2023 )

നൊച്ചാട് ഗ്രാമ പഞ്ചായത്തിലെ എം. സി. എഫ് പരിസരത്ത് മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി 1,50,000/- രൂപ ധനകാര്യ കമ്മീഷൻ അവാർഡ് വകയിരുത്തി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ആയതിനായി 21.2.2023 ൽ നടത്തിയ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ RIZ SAF LIGHTING SOLUTIONS, തൊടുപുഴ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. ( ഭരണ സമിതി തീരുമാനം നമ്പർ 2/1 തീയതി 25.2.2023 ) ആയതു പ്രകാരം 20.3.2023 ന് RIZ SAF LIGHTING SOLUTIONS, തൊടുപുഴ ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു. 22.3.2023 ന് മേൽ സ്ഥാപനം പ്രവൃത്തി ആരംഭിച്ചതായും 30.3.2023 ന് പ്രവൃത്തി തൃപ്തികരമായി പുരോഗമിക്കുന്നു എന്ന P W D ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിന് 95,702/- രൂപയുടെ പാർട്ട് ബിൽ അനുവദിച്ചതായും കാണുന്നു. എന്നാൽ തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. കൂടാതെ ഈ ലൈറ്റിന്റെ വൈദ്യുതി കണക്ഷന് വേണ്ടി ഗ്രാമ പഞ്ചായത്ത് കെ. എസ്. ഇ. ബി യിൽ അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

95,702/- രൂപ ചെലവഴിച്ച് ഭാഗികമായി പ്രവൃത്തി നടത്തിയ മേൽ മിനി മാസ്റ്റ് ലൈറ്റിന്റെ പ്രവൃത്തി പൂർത്തീകരണത്തിനും ആയത് വൈകാതെ പ്രവർത്തിപ്പിച്ച് തുടങ്ങുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 5/2022-23 തീയതി 1.8.2023 ) 3.8.2023 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ലൈറ്റ് ഉൾപ്പടെ എല്ലാ പ്രവൃത്തിയും പൂർത്തീകരിച്ചുവെന്നും എത്രയും വേഗം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

മേൽ മിനി മാസ്റ്റ് ലൈറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ആയത് പ്രവർത്തിപ്പിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 44/23 | സ്നേഹസ്പർശം - വിഹിതം നൽകൽ | 4,00,000 -വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത്, കോഴിക്കോട്<br>3,00,000 - ബിൽ നമ്പർ - 459/22-23, തീയതി 2.9.2022<br>1,00,000 - ബിൽ നമ്പർ - 575/22-23, തീയതി 16.2.2023 |
| 2 | 132/23 | ഡി. പി. സി സെക്രട്ടേറിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 2,00,000 - തനത് ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട്<br>2,00,000<br>ബിൽ നമ്പർ - 255/22-23, തീയതി 2.3.2023 |

| | | | | |
|---|---|---|---|---|
| 3 | 43/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 74,380 - വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം 74,380 - ബിൽ നമ്പർ - 454/22-23, തീയതി 2.9.2022 |
| | | ആകെ | 6,74,380 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 1.8.2023 ) 3.8.2023 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ രശീതി, വിനിയോഗ വിവരം എന്നിവ ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 6,74,380/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ (എസ്.സി)-രേഖകൾ സൂക്ഷിപ്പിലെ അപാകതകൾ

നിർവഹണം : വി.ഇ.ഒ

പ്രൊജക്ട് നമ്പർ : 66/22-23

ഫണ്ട് : കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

അടങ്കൽ : 2,88,000 /-

ചെലവ് : 2,72,000/-

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 138/ 22-23 | 08.12.2022 | 48,000 |
| 159/ 22-23 | 26.12.2022 | 16,000 |
| 192/ 22-23 | 27.01.2023 | 48,000 |
| 211/ 22-23 | 09.02.2023 | 32,000 |

| | | |
|---|---|---|
| 240/ 22-23 | 24.02.2023 | 32,000 |
| 300/ 22-23 | 17.03.2023 | 32,000 |
| 360/ 22-23 | 28.03.2023 | 64,000 |
| ആകെ | | 2,72,000 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കിണർ ശുചിത്വ കിണറാക്കി മാറ്റുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന 16,000 രൂപ വീതം 17 പേർക്കാണ് നൽകിയിരിക്കുന്നത്.

ഫയൽ പരിശോധനയിൽ താഴെപറയുന്ന 5 ഗുണഭോക്താക്കൾ അർഹത തെളിയിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നമ്പർ | പേര്, വിലാസം |
|---|---|
| 1 | ലക്ഷ്മി, കുവള്ളൂർ, കൽപ്പത്തൂർ |
| 2 | ഷൈമ. ടി, പിലാകുന്നുമ്മീത്തൽ, നൊച്ചാട് |
| 3 | ശ്രീധരൻ പി, പൊയിൽ, ചേനോളി |
| 4 | ഗോപി കെ, കോട്ടൂർ, ചേനോളി |
| 5 | നീഷ്മ സുഭാഷ്, പട്ടോന, ചേനോളി |

മേൽ ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്നതിനായി നിശ്ചിത മാതൃകയിൽ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക നൽകിയിരിക്കുന്നത്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14/22-23, തീ-03.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 തുല്യതാ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ തുല്യതാ പഠിതാക്കൾക്ക് ഫീസ് അടവാക്കൽ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം : 91/22-23

ഫണ്ട് : തനത് ഫണ്ട്

അടങ്കൽ: 35,000/-

ചെലവ് : 27,600/-

ബിൽ നമ്പർ : 1) 224, തീ-13.02.2023, തുക – 21,000/-

2) 225, തീ-13.02.2023, തുക – 6,600/-

പത്താം തരം തുല്യതാ കോഴ്സിൽ 2022-23 വർഷം രജിസ്ട്രേഷൻ നടത്തിയ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ 12 പഠിതാക്കൾക്ക് കോഴ്സ് ഫീസ് ഇനത്തിൽ ഒരു പഠിതാവിന് 1,750 രൂപ തോതിൽ 21,000 രൂപയും ഹയർ സെക്കന്ററി തുല്യതാ കോഴ്സിൽ 2022-23 വർഷം രജിസ്ട്രേഷൻ നടത്തിയ ഗ്രാമപഞ്ചായത്തിലെ 3 പഠിതാക്കൾക്ക് കോഴ്സ് ഫീസ് ഇനത്തിൽ ഒരു പഠിതാവിന് 2,200 രൂപ തോതിൽ 6,600 രൂപയും 13.02.2023 ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിട്ടിയുടെ എസ്.ബി.ഐ ശാസ്തമംഗലം ശാഖയിലെ അക്കൌണ്ടിലേക്ക് ( നം-57026996123) കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതൾ താഴെ ചേർക്കുന്നു.

1) കോഴിക്കോട് ജില്ലാ സാക്ഷരതാ മിഷൻ പ്രോജക്ട് കോർഡിനേറ്റർ നൊച്ചാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നിർവഹണ ഉദ്യോഗസ്ഥനും അയച്ച കത്ത് പ്രകാരം (കത്ത് നം.-DLM KOZ/PROJECT HS/016/23) ഹയർ സെക്കന്ററി തുല്യതാ കോഴ്സിൽ 2022-23 വർഷം രജിസ്ട്രേഷൻ നടത്തിയ ഗ്രാമപഞ്ചായത്തിലെ 3 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിലെ 6,600 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിട്ടിയുടെ യൂക്കോ ബാങ്കിന്റെ തിരുവനന്തപുരം ശാഖയിലെ 02880100113107 നമ്പർ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യാൻ ആവശ്യപ്പെട്ടത്. എന്നാൽ 6,600 രൂപ എസ്.ബി.ഐ ശാസ്തമംഗലം ശാഖയിലെ അക്കൗണ്ടിലേക്കാണ് ( നം.-57026996123) ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്.

2) 27,600 രൂപ (21,000+6,600) തുല്യതാ കോഴ്സ് ഫീസായി ട്രാൻസ്ഫർ ചെയ്തതിനുശേഷം കൈപ്പറ്റ് രസീത്, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/22-23, തീ-03.08.2023) മറുപടി നൽകിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-22 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : സാന്ത്വന പരിചരണം

പ്രോജക്ട് നമ്പർ : 27/2022-23

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ട് : വികസന ഫണ്ട് -ജനറൽ
(വകയിരുത്തിയ തുക- 7,94,100 : ചെലവ് - 5,47,556 )

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2022-23 വർഷത്തിൽ 5,47,556/- രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ (ജനറൽ) നിന്ന് തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 1/22-23 | 10.05.2022 | 16,260 | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| 2 | 2/22-23 | 06.06.2022 | 65,220 | (ജനറൽ) |
| 3 | 3/22-23 | 16.07.2022 | 59,977 | |
| 4 | 4/22-23 | 06.08.2022 | 41,300 | |
| 5 | 5/22-23 | 01.09.2022 | 41,530 | |
| 6 | 8/22-23 | 09.10.2022 | 39,320 | |
| 7 | 9/22-23 | 20.10.2022 | 60,000 | |
| 8 | 11/22-23 | 02.11.2022 | 39,820 | |
| 9 | 13/22-23 | 08.12.2022 | 39,320 | |
| 10 | 16/22-23 | 06.01.2023 | 77,581 | |
| 11 | 18/22-23 | 09.01.2023 | 10,840 | |
| 12 | 19/22-23 | 06.02.2023 | 19,720 | |
| 13 | 22/22-23 | 20.03.2023 | 15,900 | |
| 14 | 27/22-23 | 31.03.2023 | 20,768 | |
| ആകെ | | | 5,47,556 | |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ. 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പരിശോധനയ്ക്ക് ഹാജരാക്കിയ മിനിട്സ് ബുക്ക് പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2022-23 വർഷത്തിൽ 19.08.2022, 29.12.2022, 10.03.2023 തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-16/22-23, തീ-03.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-23 അജൈവ മാലിന്യസംസ്കരണം - അപാകതകൾ

പ്രോജക്റ്റ് നം. - 64/23

പ്രോജക്റ്റ് - അജൈവ മാലിന്യസംസ്കരണം

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഫണ്ട് - വികസന ഫണ്ട് (ജനറൽ)

അടങ്കൽ - 1,60,598 /-

ചെലവ് തുക - 1,60,598 /- രൂപ

( ബിൽ നമ്പർ - 1/22-23 , തീയതി - 08.11.2022 )

| കൊണ്ടുപോയ സ്ഥാപനം | ആകെ തൂക്കം ( കി. ഗ്രാം ) | നിരക്ക് | നൽകിയ തുക |
|---|---|---|---|
| ക്ലീൻ കേരള കമ്പനി | 13,610 | 10 | 1,60,598 (ജി.എസ്.ടി 24,498 ഉൾപ്പടെ) |

ഗ്രാമപഞ്ചായത്തിൽ മേൽ പ്രകാരം നടപ്പിലാക്കിയ അജൈവ മാലിന്യസംസ്കരണം പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 11.03.2022 ലെ D23/CKCL/2021 നമ്പർ കത്ത് പ്രകാരം നൊച്ചാട് ഗ്രാമപഞ്ചായത്തിൽ ശേഖരിച്ചിരുന്ന 13,610 കി.ഗ്രാം അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തതായി അറിയിച്ചിട്ടുണ്ട്. ഇൻവോയ്സ് നമ്പർ D23/SER 21-22/70, തീ-11.03.23 പ്രകാരം 1,60,598 രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 08.11.2022 ന് തുക അനുവദിക്കുകയും ചെയ്തു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും കയറ്റി അയച്ച 13,610 കി.ഗ്രാം അജൈവ മാലിന്യങ്ങളുടെ തൂക്കം വ്യക്തമാക്കുന്ന വെയ് ബ്രിഡ്ജ് രശീതി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ക്ലീൻ കേരള കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്ന് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങളുടെ തൂക്കമെടുക്കേണ്ടത് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം. വെയ് ബ്രിഡ്ജ് രശീതികളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം എടുത്തിരിക്കുന്നത് എവിടെ വെച്ചാണ് എന്നും തൂക്കമെടുത്തത് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ തന്നെ ആണോ എന്നുള്ളതിനും വ്യക്തതയില്ല.

ഗ്രാമപഞ്ചായത്തിൽ നിന്നും കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ തൂക്കം ഉറപ്പുവരുത്താതെ ക്ലീൻ കേരള കമ്പനിക്ക് 1,60,598 രൂപ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയായി വെയ് ബ്രിഡ്ജ് രശീതികൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുകയായ 1,60,598 രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 ആളുപറമ്പ് മച്ചലത്ത് താഴെ മാത്തിൽ മുക്ക് റോഡ് - കരിങ്കൽ കെട്ടിന് അമിത നിരക്ക്

നൽകി - പഞ്ചായത്തിന് അധിക ചെലവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രൈസ് ഫയൽ നമ്പർ : 32887/2022

ഓഡിറ്റ് വർഷം ആക്കുപറമ്പ് മച്ചലത്ത് താഴെ മഠത്തിൽ മുക്ക് റോഡിന്റെ സംരക്ഷണത്തിനായി രണ്ടു വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പദ്ധതി പൂർത്തീകരിച്ച് ബിൽ തുക നൽകി. രണ്ടാമത്തെ പ്രവൃത്തി നിലവിലും ആരംഭിച്ചിട്ടില്ല. രണ്ടു പ്രവൃത്തികളിലും റോഡിനു കുറുകെ കൾവെർട്ട് നിർമ്മാണവും കരിങ്കൽ സംരക്ഷണഭിത്തി നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | 108/23 | 165/23 |
|---|---|---|
| അടങ്കൽ/ഫണ്ടിനം | 7,48,795 സംരക്ഷണഗ്രാന്റ് – റോഡിതരം | 14,90,000 സംരക്ഷണഗ്രാന്റ് – റോഡിതരം |
| ചെലവ് | 7,48,795/- ബിൽ നം. 266/9.3.2023 | -- |

നിർവ്വഹണം നടന്ന പദ്ധതിയിൽ കരിങ്കൽ കെട്ടിന്റെ നിർമ്മാണത്തിന് ഉൾപ്പെടുത്തിയത് മോർഡിലെ ഐറ്റം 75.7.1 ആണ്. എന്നാൽ രണ്ടാമത്തെ പ്രവൃത്തിയിൽ ഇതിനായി ഉൾപ്പെടുത്തിയത് ഒബ്സേർവ്ഡ് ഡാറ്റയാണ്. ഇവയുടെ നിരക്ക് താരതമ്യപ്പെടുത്തിയാൽ ആദ്യ പദ്ധതിയുടേത് വളരെ ഉയർന്ന നിരക്കാണെന്ന് കാണാം. ഒബ്സേർവ്ഡ് ഡാറ്റയിൽ 3660.07/- രൂപ നിരക്കുള്ളപ്പോൾ, ആദ്യ പദ്ധതിയ്ക്ക് ഉൾപ്പെടുത്തിയത് 5951.13/- രൂപയാണ്. ഓഡിറ്റ് വർഷത്തിൽ ഇതേ രീതിയിൽ പ്രവൃത്തി നടന്ന "ഒരാംപോക്കിൽ കോഴിമുക്ക് റോഡ്" (പ്രോജക്ട് നം. 106/23) എന്ന പദ്ധതിയിലും ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കാണ് (3660.07/-) നൽകിയിട്ടുള്ളത്. ഒരേ കാലയളവിൽ രൂപീകരിച്ച് സാങ്കേതികാനുമതി നേടിയ പദ്ധതിയിൽ/എസ്റ്റിമേറ്റിൽ ഒരേയിനത്തിന് രണ്ടു വ്യത്യസ്ത നിരക്കിൽ വൻ അന്തരത്തിലുള്ള ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിവരിച്ച വിധം ഒരേ സമയം തയ്യാറാക്കിയ ഒരേ വിധത്തിലുള്ള പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യവും, ഒരേ വർഷത്തിൽ തന്നെ ഒരേ റോഡിന്റെ പ്രവൃത്തിയ്ക്ക് മേൽ വിധം രണ്ടു പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ പദ്ധതിയിൽ ഇപ്രകാരം 75.268M$^3$ കരിങ്കൽ പ്രവൃത്തിയ്ക്ക് 4683.53/- (21.3% ടെണ്ടർ കുറവ്) രൂപ നിരക്കിൽ 3,52,519.94/- രൂപ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ശരിയായ ഇനം (ഒബ്സേർവ്ഡ് ഡാറ്റ) ഉൾപ്പെടുത്തിയിരുന്നെങ്കിൽ, ടെണ്ടർ കുറവ് കണക്കാക്കാതിരുന്നാൽ പോലും 75.268M$^3$ പ്രവൃത്തിയ്ക്ക് വേണ്ടി വരുമായിരുന്ന ചെലവ് 2,75,456.87/- രൂപ മാത്രമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മിതത്വം ഉറപ്പാക്കാതിരുന്നതിനാലും, കരിങ്കല്ലിന്റെ മാർക്കറ്റ് വില പരിഗണിക്കാതെ DAR ലെ നിരക്ക് അതേ രീതിയിൽ നൽകിയതിനാലും പഞ്ചായത്തിനുണ്ടായ അധിക ചെലവ് 77,063/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. ഒരേ സമയം ഇത്തരത്തിൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

1-25 എൻ.ആർ.ഇ.ജി.എസ്.- പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽ ഓഡിറ്റ് വർഷം ബിൽ തുക നൽകിയ വിവിധ റോഡു പ്രവൃത്തികൾ

പരിശോധന വിധേയമാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ MGNREGS പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ (തുക നൽകിയ) മെറ്റീരിയൽ പ്രവൃത്തികൾക്ക് വേണ്ട മെറ്റീരിയിൽ സംഭരിച്ചത് ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ്. ഇതിൽ വിവിധ പ്രവൃത്തികളുടെ മെറ്റീരിയൽ വില 2.5 ലക്ഷത്തിൽ കൂടുതലാണ്. ഇത്തരം പ്രവൃത്തികളുടെ ബിൽ തുക നല്കുമ്പോൾ സെൻട്രൽ ഫിനാൻസ് മിനിസ്ട്രിയുടെ 14.9.2018 ലെ CBEC Circular No.65/39/2018-DOR പ്രകാരം 2% ജി എസ് ടി, ടി.ഡി.എസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ ജി. എസ്. ടി ഈടാക്കാതെയാണ് ഈ പ്രവൃത്തികളുടെ തുക കരാറുകാർക്ക് നല്കിയിരിക്കുന്നത്. ഒരുദാഹരണം – എളമ്പില ഇല്ലം ചാലിൽമുക്ക് റോഡ് കോൺക്രീറ്റ് റീച്ച് 2, 4, 5 എന്നിവ. ജി.എസ്.ടി. ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതും, തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. അപാകത പരിഹരിക്കേണ്ടതുമാണ്.

2. റോഡ് പ്രവൃത്തി സമഗ്രമായി തയ്യാറാക്കാതെ തുടർച്ചയായ റീച്ചുകളിൽ വ്യത്യസ്ത പ്രവൃത്തികൾ തയ്യാറാക്കുന്നു.

വിവിധ റോഡു പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഒരേ റോഡിന്റെ തുടർച്ചയായ റീച്ചുകളുടെ ഒരേ വിധത്തിലുള്ള പ്രവൃത്തിയ്ക്ക് സമഗ്രമായി ഒറ്റ പദ്ധതി രൂപീകരിക്കാതെ നാലും, അഞ്ചും പദ്ധതികൾ വരെ രൂപീകരിച്ച് നടപ്പാക്കുന്നു. ഉദാഹരണമായി എളമ്പില ഇല്ലം ചാലിൽമുക്ക് റോഡ് കോൺക്രീറ്റിനായി റീച്ച് 1 മുതൽ റീച്ച് 5 വരെ എന്ന പേരിൽ അഞ്ചു വ്യത്യസ്ത പദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്. എല്ലാ പ്രവൃത്തികളും 4 ലക്ഷം രൂപ അടങ്കലിലും, ഒരേ ദിവസം ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച രീതിയിലുമാണ്. ഓരോ പ്രവൃത്തിയ്ക്കും ആവശ്യമായ മെറ്റീരിയലിനായി പ്രത്യേകം ടെണ്ടർ (മാനുവൽ) നടത്തുകയും, ഒരേ കരാറുകാരൻ ഈ പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുകയും നിർവ്വഹണം ചെയ്യുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിൽ വ്യത്യസ്ത പ്രവൃത്തികളായി ചെയ്തപ്പോൾ ഒരു പ്രവൃത്തിയിൽ ലഭിച്ച ഉപയോഗപ്പെടുത്താവുന്ന മണ്ണ് കയ്യൊഴിയുന്ന വിധത്തിലും, തൊട്ടടുത്ത പ്രവൃത്തിയിൽ മണ്ണ് ഫില്ലിംഗിന് കരാറുകാരന്റെ മണ്ണ് ഉപയോഗപ്പെടുത്തുന്ന വിധത്തിലും കാണുന്നു. മേൽ റോഡിന്റെ റീച്ച് 1 ൽ സൈഡ് കെട്ടിനായി മണ്ണെടുത്തത് $39.9m^3$ ഉണ്ടായിരുന്നു. ആയത് എന്തു ചെയ്തുവെന്ന് വ്യക്തമല്ല. എന്നാൽ റീച്ച് 2 എന്ന പദ്ധതിയിൽ റോഡിൽ മണ്ണ് നിറയ്ക്കുന്ന ഇനം ഉണ്ടായിരുന്നു. ഇതിനായി $76.5m^3$ പ്രവൃത്തി ചെയ്തതിന് കരാറുകാരന് പ്രത്യേകം തുക നൽകുകയാണുണ്ടായത്. ഇതേ കരാറുകാരൻ ഒരേ സമയം നിർമ്മാണം നടത്തിയതാണ് ആദ്യ പദ്ധതിയും. അതുകൊണ്ടു തന്നെ ആദ്യ പദ്ധതിയിൽ ലഭ്യമായ മണ്ണ് രണ്ടാമത്തെ പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. ആയത് കുറവു വരുത്താതെ മുഴവൻ മണ്ണിന്റെ അളവിനുള്ള തുകയും കരാറുകാരന് അനുവദിക്കുകയാണുണ്ടായത്. കൂടാതെ റോഡ് പ്രവൃത്തി ഒറ്റ പദ്ധതിയായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ മെറ്റീരിയലിനായി ഇ-ടെണ്ടർ നടത്താനുള്ള സാഹചര്യമുണ്ടാകുകയും, ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമതയും, കുറഞ്ഞ നിരക്കും ഉറപ്പു വരുത്താമായിരുന്നു.

മേൽ സാധ്യതകൾ പരിശോധിക്കാതെ വ്യത്യസ്ത പദ്ധതികളായി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. അളവു പുസ്തകം രേഖപ്പെടുത്തുന്നതിലെ അപാകതകൾ

റോഡ് പ്രവൃത്തികളുടെ അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ ഡിമോലിഷ് പ്രവൃത്തികളിൽ ഉപയോഗപ്പെടുത്താവുന്ന സാധനങ്ങളുടെ സ്റ്റോക്ക് സാക്ഷ്യപ്പെടുത്തി രേഖപ്പെടുത്തുന്നില്ലെന്ന് കണ്ടു. കൂടാതെ റോഡിൽ ചെയ്യുന്ന പ്രവൃത്തികളുടെ രേഖപ്പെടുത്തലിൽ ചെയ്നേജ് എഴുതുന്നില്ല. അതുകൊണ്ടു തന്നെ വ്യത്യസ്ത പദ്ധതികളായി വിവിധ റീച്ചുകൾ എന്ന പേരിൽ ചെയ്യുന്ന

പ്രവൃത്തികൾ എവിടെയെല്ലാമാണെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ ബിൽ തുക കണക്കാക്കി കരാറുകാരന് തുക നൽകാനായി അളവു പുസ്തകത്തിൽ മെമോ ഓഫ് പെയ്മെന്റ് തയ്യാറാക്കുമ്പോൾ പ്രവൃത്തിയ്ക്ക് ആവശ്യമായി വന്ന/ഉപയോഗപ്പെടുത്തിയ മെറ്റീരിയലുകളുടെ പര്യാപ്തത കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. മേൽ രേഖപ്പെടുത്തലുകൾ അളവു പുസ്തകത്തിൽ കൃത്യമായി എഴുതേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റ് വർഷം തുക നൽകിയ മുഴുവൻ മെറ്റീരിയൽ പ്രവൃത്തികളും പുന:പരിശോധിക്കേണ്ടതും, ജി.എസ്.ടി. ഈടാക്കാതെ തുക നൽകിയ ബില്ലുകളിൽ നിന്നും ആനുപാതിക നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-26 കൽപ്പത്തൂർ (ആക്കുപറമ്പ്) സബ്സെന്റർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തികൾ - നിരക്ക് കണക്കാക്കിയതിൽ പിശക്

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി 2021-22 ൽ രൂപീകരിച്ച് സ്പിൽഓവറായി ഓഡിറ്റ് വർഷം നടപ്പാക്കിയതാണ്. എൻ.എച്ച്.എം. ഫണ്ടാണ് വിഭവ സ്രോതസ്സ്. ടെണ്ടർ ചെയ്ത് എം. എം. ബാലകൃഷ്ണൻ എന്നയാളെ പ്രവൃത്തി ഏൽപ്പിച്ചു. പൊട്ടിപൊളിഞ്ഞ് പ്രവർത്തന രഹിതമായ രണ്ട് ശുചിമുറികൾ നവീകരിക്കുന്നതിനും, മഴക്കാലങ്ങളിൽ സൺഷേഡിനു വശങ്ങളിലൂടെ മഴവെള്ളം ഊർന്നിറങ്ങി ചുമർ നനയുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങളും, കെട്ടിടം മുഴുവൻ പെയിംന്റിംഗ്, കാത്തിരുപ്പു കേന്ദ്രം നവീകരണം എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. എന്നാൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ഫീഡിംഗ് റൂം, എ.സി.പി. നെയിം ബോർഡ്, ബാത്ത് റൂമിനു സൈഡിൽ റൂഫ് ഷീറ്റ് എന്നിവ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നടത്തിയത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. അലുമിനിയം പാർട്ടീഷൻ പ്രവൃത്തികൾക്കായി (Fixed Portion, Shutter Frame) എസ്റ്റിമേറ്റിൽ രണ്ടു വ്യത്യസ്ത തരം അലുമിനിയത്തിന്റെ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത് (Polyster Powder Coated 21.1.1.3, Powder Coated 21.1.2.2). എന്നാൽ രണ്ടു പ്രവൃത്തികൾക്കും ഒരേ വിധത്തിലുള്ള അലുമിനിയം ആണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് പ്രസ്തുത നിർമ്മിതി അസി. എഞ്ചിനീറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പാർട്ടീഷൻ പ്രവൃത്തികളുടെ Fixed Portions നായി ഉൾപ്പെടുത്തിയ DAR ലെ ഇനം 21.1.1.3 താരതമ്യേന കൂടിയ നിരക്കിലുള്ളതാണ്. യഥാർത്ഥത്തിൽ പ്രവൃത്തിയ്ക്ക് ഉപയോഗപ്പെടുത്തിയത് മുകളിൽ വിവരിച്ചതിൽ ഏതു അലുമിനിയമാണെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് വിവരം അറിയിക്കേണ്ടതും, രണ്ടു വ്യത്യസ്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ശേഷം ഒരേ വിധത്തിലുള്ള അലുമിനിയം മുഴുവൻ പാർട്ടീഷൻ പ്രവൃത്തിയ്ക്കും ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

2. മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരം എ.സി.പി. നെയിംബോർഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി. ഈ പ്രവൃത്തിയിൽ എ.സി.പി. ഷീറ്റ് ഉറപ്പിക്കുന്നതിനായി ഉപയോഗിച്ച അലുമിനിയത്തിന് പ്രത്യേകം ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ മുകളിൽ വിവരിച്ച നിരക്ക് കൂടിയ ഇനത്തിന്റെ തുക അനുവദിക്കുകയാണുണ്ടായത്. എ.സി.പി. പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് മുകളിൽ നിന്നും വ്യത്യസ്തമായ അലുമിനിയമാണ്. ഈ അലുമിനിയത്തിന് പ്രത്യേകം കോട്ടിംഗ് ഇല്ല. താരതമേന്യ വില കുറഞ്ഞ അലുമിനിയം ഉപയോഗപ്പെടുത്തിയപ്പോഴും കൂടിയ നിരക്കിലുള്ള ഇനത്തിൽ ഉൾപ്പെടുത്തി തുക നൽകിയത് വിശദീകരിക്കേണ്ടതാണ്.

3. പുതിയ നിർമ്മിതികളും അവയുടെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളും എസ്റ്റിമേറ്റിലുണ്ടായിരുന്നു. ഇതിനൊപ്പം നിലവിലുള്ള കെട്ടിടത്തിന്റെ പെയിംന്റിംഗിന് പ്രത്യേകം ഇനം ഉൾപ്പെടുത്താതെ (Painting On Old Work) പുതിയ നിർമ്മിതിയ്ക്കുപയോഗപ്പെടുത്തുന്ന താരതമേന്യ കൂടുതൽ അളവ് പെയിന്റ് ആവശ്യമുള്ള, നിരക്ക് കൂടുതലുള്ള ഇനത്തിലുൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ

അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യത്തിലും യഥാർത്ഥ ഇനം ഉൾപ്പെടുത്താതെ തെറ്റായ ഇനം ഉൾപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

4. GI Chain Link With PVC Coat പ്രവൃത്തിയ്ക്ക് പകരം മെഷിന് ഏകദേശം 10mm മാത്രം വിസ്തൃതി വരുന്ന Welded Type Mesh സ്ഥാപിക്കുകയാണ് ചെയ്തിരിക്കുന്നത്. തെറ്റായ ഇനമുപയോഗിച്ച് പ്രവൃത്തി നടത്തിയപ്പോഴും GI Chain Link ന്റെ അളവായി രേഖപ്പെടുത്തിയതും, തുക നൽകിയതും വിശദീകരിക്കേണ്ടതാണ്.

5. ഷീറ്റ് റൂഫ് ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതിക്കിയപ്പോൾ Ex2 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് Precoated Galvanised Iron Profile Sheet ആണ്. എന്നാൽ ഈയിനത്തിന്റെ നിരക്ക് കണക്കാക്കിയതിൽ പിശക് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്കും യഥാർത്ഥത്തിൽ വേണ്ടിയിരുന്ന നിരക്കും താഴെ ചേർക്കുന്നു.

Ex-2 51.20 - Providing and fixing precoated galvanised iron profile sheets (size, shape and pitch ofcorrugation as approved by Engineer-in-charge) 0.35 mm (+0.05%), total coatedthickness with zinc coating 120 grams per sqm as per IS: 277, in 240 mpa steel grade, 5-7 microns epoxy primer on both side. of the sheet and polyester top coat 15-18 microns.Sheet should have protective guard film of 25 microns minimum to avoid scratchesduring transportation and should be supplied in single length upto 12 metre or as desiredby Engineer-in-charge. The sheet shall be fixed using self drilling/self tapping screws ofsize (5.5x55mm) with EPDM seal, complete upto any pitch in horizontal/ vertical orcurved surfaces, excluding the cost of purlins, rafters and trusses and including cutting tosize and shape wherever required.

| | | |
|---|---|---|
| Rate as per Data for 1M2 | | 539.40 |
| MR Rate | 396.73 | |
| 10% OH | | 39.67 |
| 10%CP | | 43.64 |
| | | 622.71 |
| Cost Index 36.44 % | | 226.92 |
| Total | | 849.63 |
| Deduct Tender % of | 0 % Above E/R | 0 |
| | Net | 849.63 /M2 |

മുകളിൽ വിവരിച്ച വിധമാണ് എസ്റ്റിമേറ്റിൽ തുക കണക്കാക്കിയിരുന്നത്. എന്നാൽ താഴെ കൊടുത്ത വിധം 568.04/- രൂപ നിരക്കാണ് നൽകേണ്ടിയിരുന്നത്. (പിശക് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നിർവ്വഹണം നടത്തിയ അസി. എഞ്ചിനീയർ തന്നെ തുക ശരിയായി കണക്കാക്കി നൽകി). ഈ പിശക് കാരണം 5494/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. (യഥാർത്ഥത്തിൽ നൽകേണ്ട തുക 19.51 എം$^2$ X 568.04= 11082.46. നൽകിയ തുക 16576.28/-(1951x849.63) അധികം നൽകിയത് = 5494/-).

Ex-2 51.20 - Providing and fixing precoated galvanised iron profile sheets (size, shape and pitch ofcorrugation as approved by Engineer-in-charge) 0.35 mm (+0.05%), total coatedthickness with zinc coating 120 grams per sqm as per IS: 277, in 240 mpa steel grade, 5-7 microns epoxy primer on both side. of the sheet and polyester top coat 15-18 microns.Sheet should have protective guard film of 25 microns minimum to avoid scratchesduring transportation and should be supplied in single length upto 12 metre or as desiredby Engineer-in-charge. The sheet shall be fixed using self drilling/self tapping screws ofsize (5.5x55mm) with EPDM seal, complete upto any pitch in horizontal/ vertical orcurved surfaces, excluding the cost of purlins, rafters and trusses and including cutting tosize and shape wherever required.

| | | | |
|---|---|---|---|
| Rate as per Data for 1M2 | | | 539.40 |
| MR Rate | | 396.73 | |
| 1% WC | | 3.97 | |
| 15%CPOH | | 60.11 | |
| | | 460.81 | |
| Net for Cost Index | (539.40 - 460.81) | 78.59 | |
| Cost Index 36.44 % | | | 28.64 |
| Total | | | 568.04 |
| Deduct Tender % of | 0 % Above E/R | | 0.00 |
| | | Net | 568.04 /M2 |

മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നിരക്ക് കണക്കാക്കിയതിൽ വന്ന പിശകുമൂലമുണ്ടായ അധിക ചെലവ് 5494/-രൂപ കരാറുകാരനിൽ നിന്നും / ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 1, 2, 3, 4 എന്നിവയിൽ വിവരിച്ച രീതിയിൽ യഥാർത്ഥത്തിൽ ചെയ്ത അലുമിനിയത്തിന്റെ തരം/ഗുണമേന്മയും, പഴയ നിർമ്മിതി മേൽ ചെയ്ത പെയിന്റ് പ്രവൃത്തിയുടെ അളവും പരിശോധിക്കേണ്ടതും അധികം നൽകാൻ ഇടയായ/കരാറുകാരന് അർഹതയുള്ള തുക കണക്കാക്കി ബാക്കി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച വ്യക്തമായ വിശദീകരണവും, തുക കണക്കാക്കി ഈടാക്കിയതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

## 1-27 ചേരിപ്പേരി കീരിക്കണ്ടി റോഡ് - സൈഡ് വാൾ നിർമ്മാണത്തിന് തെറ്റായ ഇനം ഉൾപ്പെടുത്തിയത് സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ: 46/23

മേൽ റോഡിന്റെ വലതുവശത്ത് ഏഴുമീറ്റർ ഉയരത്തിലുള്ള മൺഭിത്തി ഇടിഞ്ഞു വീണതിനെ തുടർന്ന് പ്രസ്തുത ഭാഗത്ത് RCC Retaining Wall നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ബഹുവർഷ പദ്ധതിയായി 2021-22 ൽ രൂപീകരിച്ച ഈ പദ്ധതിക്കായി സംരക്ഷണഗ്രാന്റ് റോഡ് ആണ് വകയിരുത്തിയത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും അളവു പുസ്തകവും പരിശോധിച്ചതിൽ ഐറ്റം 8 ആയി കോൺക്രീറ്റ് വാളിന്റെ നിർമ്മാണത്തിന് സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് ഉൾപ്പെടുത്തിയത് DAR ലെ ഇനം 5.9.6 ആണെന്നു കാണുന്നു. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ Columns, Pillars, Piers, Abutments, Post And Struts എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന ഇനമാണെന്ന് കാണുന്നു. വാളുകളുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്ന വിധത്തിലുള്ള ഇനം 5.9.2 ആയി DAR ൽ ഉണ്ടായിരിക്കെ തെറ്റായ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

മേൽ പ്രവൃത്തി ചെയ്യുന്നതിനു അളവു പുസ്തക പ്രകാരം കരാറുകാരന് 1,29,164.76/- രൂപ (175.02 X 738) അനുവദിച്ചിട്ടുണ്ട്. 15.1% കുറവ് നിരക്കാണ് ഈയിനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. ഏതു കനത്തിലുമുള്ള കോൺക്രീറ്റ് വാളുകളുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് (Including Attached Pilasters, Butteresses, Plinth And String Courses) DAR ൽ ഇനം 5.9.2 ഉണ്ടായിരിക്കെ (നിരക്ക് 721.7/-) തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം, ടെണ്ടർ കുറവ് കണക്കാക്കാതെ 2853/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ടെണ്ടർ കുറവു കൂടി പരിഗണിച്ചാൽ ഈ നഷ്ടത്തിന്റെ വലുപ്പം 21,927/- ആയി കൂടും. ടെണ്ടർ കുറവ് കണക്കാക്കാതെയുള്ള നഷ്ടതുക 2853/- രൂപ ഈടാക്കി അറിയിക്കേണ്ടതും, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 1-28 എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റിലെ നിരക്കിൽ തുക നൽകുന്നു - പഞ്ചായത്തിന് അധിക ചെലവ്

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ ഒന്നിലധികം പദ്ധതികളിൽ ഒരേ തരം പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ ഒരിനം ഉൾപ്പെടുത്തുകയും, എന്നാൽ നിർമ്മാണം നടത്തിയപ്പോൾ വ്യത്യസ്തമായൊരു ഇനം ഉപയോഗപ്പെടുത്തിയിട്ടും എസ്റ്റിമേറ്റിലെ ഇനത്തിന്റെ പേരിൽ അളവു രേഖപ്പെടുത്തി തുക നൽകിയതായും കണ്ടു. വാളൂർ ജി.യു.പി. സ്കൂൾ നവീകരണം, സ്നേഹ ന്യൂട്രിമിൽസ് കെട്ടിട നവീകരണം, കൽപ്പത്തൂർ സബ്സെന്റർ നവീകരണം, ഉമ്പൂർമുഴി പ്ലാന്റ് നിർമ്മാണം എന്നിവയിൽ വിവിധ നിർമ്മിതിയിൽ "GI Chain Link Fabric Fencing Of Required Width In Mesh Size 50x50........... With PVC Coated" എന്ന ഇനം ചെയ്യാനുണ്ടായിരുന്നു. ഈ നിർമ്മാണങ്ങൾ ഓഡിറ്റിന്റെ ഭാഗമായി 2.8.23 ന് അസി. എഞ്ചിനീയറുടേയും, ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചപ്പോൾ, യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തിയത് വേറൊരിനമാണെന്ന് ബോധ്യപ്പെട്ടു. ഈയിടത്തെല്ലാം ഉപയോഗപ്പെടുത്തിയത് വ്യത്യസ്ത അളവുകളിലുള്ള Welded Steel Wire Mesh കളാണ്. DAR ൽ ഈയിനമായി ഉൾപ്പെടുത്താവുന്ന ഒരു ഐറ്റം ഉണ്ട് (16.15.2). പ്രസ്തുതയിനത്തിന് മേൽ ഇനത്തിനേക്കാൾ താരതമേന്യ കുറഞ്ഞ നിരക്കാണുള്ളത്. നിർമ്മാണങ്ങളിൽ ഉപയോഗപ്പെടുത്തിയ മെഷുകൾക്ക് ഈയിനത്തിൽ വിവരിക്കുന്ന ഭാരമുണ്ടോയെന്നും ( 1 $M^2$ 7.75Kg) സംശയമാണ്.

ഇത്തരത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി നിർമ്മാണം നടത്തിയിട്ടും, ആയത്

പരിശോധിക്കാതെ/തെറ്റായി അളവ് രേഖപ്പെടുത്തിയതും, ചെക്ക് മെഷർ ചെയ്തപ്പോഴും പരിഹരിക്കാതിരുന്നതും, ചെയ്ത പ്രവൃത്തിയ്ക്ക് യഥാർത്ഥത്തിൽ നൽകാവുന്ന തുകയേക്കാൾ വലിയ നിരക്കിൽ തുക അനുവദിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ മെഷറും, ചെക്ക് മെഷറും ചെയ്ത ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭ്യമാക്കേണ്ടതും, യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയ്ക്ക് നൽകേണ്ടി വരുമായിരുന്ന തുക കണക്കാക്കി, അധികമായി കരാറുകാർക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. തുക കണക്കാക്കിയതിന്റെ വിവരവും, തുക തിരികെ ഈടാക്കിയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളിലൊന്നും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-29 തുമ്പൂർമുഴി പ്ലാന്റ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം : അസി. എഞ്ചിനീയർ

അടങ്കൽ : 4,50,000/- കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് : 3,86,573/- ചെക്ക് നം. 5910021/3.8.22, വൗ. നം. 22200298

2021-22 രൂപീകരിച്ച ഈ പദ്ധതി സ്പിൽ ഓവർ ആയിട്ടാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. ടെണ്ടർ നടത്തി സോഷ്യോ എകണോമിക് യൂണിറ്റ് ഫൗണ്ടേഷന് പ്രവൃത്തി ഏൽപ്പിച്ച (കരാർ നം. AE/42/LID&EW/NCD/21-22, Dt.10.3.22). പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- 2022 ആഗസ്റ്റ് മാസത്തിൽ ഭരണാനുമതിയും, സെപ്റ്റംബർ മാസത്തിൽ അംഗീകാരവും (വെറ്റിംഗ്) ലഭിച്ച മേൽ പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിരിക്കുന്നത് 14.1.2022 നാണ്. സാങ്കേതികാനുമതി ലഭ്യമാകാൻ കാലതാമസമുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- നിർമ്മാണ പ്രവൃത്തിയിൽ ഫ്ലോർ ടൈൽ, സോളിഡ് ബ്ലോക്ക് എന്നിവ കൂടുതൽ ചെയ്യേണ്ടതുണ്ടെന്ന കാരണം രേഖപ്പെടുത്തി 27.5.2022 ലെ തീരുമാനം 3.1.2022 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ അളവു പുസ്തകവും, പുതുക്കിയ എസ്റ്റിമേറ്റിനൊപ്പമുള്ള കംപാരിറ്റീവ് പത്രികയും പരിശോധിച്ചതിൽ മേൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി മറ്റു പല ഇനങ്ങളുടെ അളവിലും പ്രകടമായി വർധനയുണ്ടായിട്ടുള്ളതായും, ഈ പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ നടത്തിയിട്ടുള്ളതായും ബോധ്യപ്പെട്ടു. ഉദാഹരണമായി നിർമ്മാണത്തിൽ റീയിൻഫോഴ്സിനായി ഉപയോഗപ്പെടുത്തിയ സ്റ്റീലിൽ 154.9% വർധനയുണ്ടായിട്ടുണ്ട്. സ്റ്റീലിന്റെ ഉപയോഗം ഏപ്രിൽ മാസത്തിൽ നടന്നിട്ടുണ്ട്. മറ്റൊരിനമായ പി.സി.സി. (ഐറ്റം 5, 5.1.3) യ്ക്ക് 311.93% വർധനവ് ഉണ്ടായതും ഏപ്രിൽ മാസത്തിൽ നടത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പ്രവൃത്തി നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- പ്ലാന്റിൽ മാലിന്യം നിറയ്ക്കുന്ന ബോക്സുകളുടെ ഉൾവശത്ത് GI Chain Link With PVC Coat ഉപയോഗിച്ച് മറ ചെയ്യുന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. ഓഡിറ്റിന്റെ ഭാഗമായി പ്ലാന്റ് 2.8.23 ന് അസി. എഞ്ചിനീയറുടേയും, ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്കു പകരം ഏകദേശം 10mm മാത്രം ഉൾവ്യാസം വരുന്ന Welded Type Mesh സ്ഥാപിക്കുകയാണ് ചെയ്തിരിക്കുന്നത്. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തി ചെയ്തിട്ടും തെറ്റായ വിധത്തിൽ അളവു രേഖപ്പെടുത്തിയതും, ചെയ്യാത്ത ഇനത്തിന്റെ നിരക്കിൽ തുക അനുവദിച്ചതും വിശദീകരിക്കേണ്ടതാണ്.
- പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചതല്ലാതെ നിലവിലും ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല. നേരിൽ പരിശോധനയിൽ പലവിധ മാലിന്യങ്ങൾ പ്ലാന്റിനു പുറമേ കത്തിച്ച നിലയിൽ കിടക്കുന്നു. സർക്കാർ പണം വിനിയോഗിച്ച് നിർമ്മിച്ച ആസ്തി നിലവിൽ നിഷ്ക്രിയമായി കിടക്കുകയാണ്. പ്ലാന്റ്

ഉപയോഗപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, യഥാർത്ഥ വസ്തുതകൾ മറച്ചു വച്ച് പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്. പ്ലാന്റ് ഉപയോഗപ്രദമാക്കി തുടർവിവരം അറിയിക്കേണ്ടതുമാണ്.

1-30 ടേക്ക് എ ബ്രേക്ക് - ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീ ഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ) നം. 1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി നൊച്ചാട് ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ പാതയോര പൊതു ടോയ്‌ലെറ്റ് നിർമ്മാണത്തിനായി പ്രോജക്ട് നമ്പർ 86/21 രൂപീകരിച്ചു. അഞ്ചുലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തുകയും, 4,99876/- രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ടേക്ക് എ ബ്രേക്ക് നിർമ്മാണവും നിലവിലെ അവസ്ഥയും ഓഡിറ്റിന്റെ ഭാഗമായി അവലോകന വിധേയമാക്കുകയുണ്ടായി. കെട്ടിട നിർമ്മാണം പൂർത്തിയായതിനുപരിയായി പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

കൂടുതൽ അനുയോജ്യമായ സ്ഥലം കണ്ടെത്താമായിരുന്നു

പഞ്ചായത്ത് പ്രദേശത്തെ റോഡ് സൗകര്യങ്ങൾ കണക്കാക്കിയാൽ പ്രധാന പാതയോട്/ദീർഘദൂര പാതയോരത്തല്ല പൊതുടോയ്‌ലെറ്റ് നിർമ്മിച്ചിരിക്കുന്നത്. പേരാമ്പ്ര പയ്യോളി റോഡിൽ മൃഗാശുപത്രി, എം.സി.എഫ്., കാർഷിക വിപണന കേന്ദ്രം തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ/കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥലത്താണ് നിർമ്മാണം. എം.സി.എഫിന്റെ ഒരു ഭിത്തിയോട് ചേർന്ന് നിർമ്മിച്ച കെട്ടിടം അഭിമുഖമായിരിക്കുന്നത് മേൽ പാതയിലേയ്ക്കാണ്. സ്ത്രീകൾക്കും, പുരുഷൻമാർക്കും, ഭിന്നശേഷിക്കാർക്കുമായി വ്യത്യസ്ത ടോയ്‌ലെറ്റുകൾ ലഭ്യമാണ്.

സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരം വ്യക്തമല്ല

കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മേൽ വിവരിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നെങ്കിലും പ്രസ്തുത സ്ഥലത്തിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് (ആസ്തി രജിസ്റ്ററിലെ വിവരങ്ങളോ, ആധാരത്തിന്റെ വിവരങ്ങളോ) ലഭ്യമായില്ല. ഉടമസ്ഥത സംബന്ധിച്ച കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

നിലവിലെ സ്ഥിതി

നിർമ്മാണം പൂർത്തീകരിച്ച് 2023 ജൂൺ 1 നാണ് ടോയ് ലെറ്റ് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തത്. പ്രധാന പാതയോരത്തോ, അല്ലെങ്കിൽ ജന ബാഹുല്യമുള്ള സ്ഥലമോ അല്ലാത്തതു കൊണ്ടു

തന്നെ സർക്കാർ വിഭാവനം ചെയ്ത വിധത്തിൽ നിർമ്മാണത്തിന്റെ ഉദ്ദേശ്യം കൈവരിച്ചിട്ടില്ല. നിലവിൽ എം.സി.എഫിൽ പണിയെടുക്കുന്നവരും, കോമ്പൗണ്ടിലെ മറ്റ് സ്ഥപനങ്ങളിലേയ്ക്ക് വരുന്നവരും ആണ് ആയതിന്റെ ഉപയോക്താക്കൾ. ടോയ്‌ലെറ്റിന്റെ തുടർനടത്തിപ്പ് ആരേയും ഏൽപ്പിച്ചിട്ടില്ല. നിലവിൽ ഉപയോഗക്ഷമമാണെങ്കിലും തുടർനടത്തിപ്പ് കൃത്യമായി ഏൽപ്പിച്ച് നൽകിയില്ലെങ്കിൽ ഭാവിയിൽ മറ്റ് പൊതു ടോയ്‌ലെറ്റുകളുടെ അവസ്ഥ തന്നെ ഇവിടെയും സംഭവിക്കാൻ സാധ്യതയുണ്ട്.

ശുപാർശ

1. ടോയ്‌ലെറ്റിന്റെ സംരക്ഷണം/നടത്തിപ്പ് ആരെയെങ്കിലും ഏൽപ്പിക്കുക.

2. സർക്കാർ നിർദ്ദേശിച്ച പ്രകാരം കഫറ്റീരിയ പോലുള്ള ഏതെങ്കിലും സംരഭം ആരംഭിച്ച് യാത്രക്കാരെ ആകർഷിക്കാനും, ടോയ്‌ലെറ്റ് ഉപയോഗത്തിന് ചെറിയ തോതിലുള്ള യൂസർ ഫീ ഏർപ്പെടുത്തി സംരക്ഷണം ഏൽപ്പിക്കുന്നവർക്ക് സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ സംവിധാനമുണ്ടാക്കുക.

3. സർക്കാർ പണം പാഴ്ച്ചെലവാകുന്നില്ലെന്ന്/നിഷ്ക്രിയമാകുന്നില്ലെന്ന് ഉറപ്പ് വരുത്തുക.

## 1-31 ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 26/22-23

നിർവഹണം - മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി)

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റൻസ് ഫണ്ട് (നോൺറോഡ്)

അടങ്കൽ - 1,00,000

ചെലവ് - 1,00,000 ( ബിൽ നമ്പർ - 14/2022-23 , തീ - 24.11.2022 )

മെഡിക്കൽ ഓഫീസർ ( പി.എച്ച്.സി) നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ പ്രൊഫോർമ്മ ഇൻവോയ്സ് നം. PF-708, തീ-29.10.2022 പ്രകാരം 1,00,000/-രൂപ മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി എന്ന സ്ഥാപനത്തിന് മരുന്ന വാങ്ങാനായി 24.11.2022 ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 44,520 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത് ( ഇൻവോയ്സ് നം-609/23-24, തീ-21.07.23) .

ബാക്കി 55,480 രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 55,480 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-32 മുൻകൂർ നൽകിയ തുകകൾ ക്രമപ്പെടുത്തുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല

1) മുൻകൂർ ക്രമപ്പെടുത്തിയില്ല

2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ, വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (ബി-18) എന്നിവ പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ക്രമപ്പെടുത്താനോ തിരികെ ഈടാക്കാനോ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | കൈപ്പറ്റിയത്/ഇനം | തുക | |
|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 170000 | പ്രീമൺസൂൺ കാമ്പൈൻ |

| | | | |
|---|---|---|---|
| | | | |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, KYIP ഡിവിഷൻ | 700000 | റോഡ് നവീകരണം |
| 3 | Other Advance | 131244 | -- |

മേൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കുകയോ മുൻകൂർ ക്രമീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2)ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല

2022-23 വർഷത്തെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (ബി-18), അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻവർഷങ്ങളിൽ നൽകിയ 3000/- രൂപ തിരികെ ഈടാക്കാൻ ബാക്കിയുള്ളതായി കാണുന്നു. 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-34, 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11 എന്നിവയിൽ ഈ അപാകത ചൂണ്ടിക്കാണിക്കുകയും, തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെയായി തുക ഈടാക്കാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

മേൽ അപാകത ചൂണ്ടിക്കാണിച്ച നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ (1) പ്രകാരമുള്ള മുൻകൂർ തുകകൾ ക്രമീകരിച്ചും, ക്രമനമ്പർ (2) പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ ഈടാക്കിയും അറിയിക്കുന്നതാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-33 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയില്ല

2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്ററിൽ, 2020 വർഷത്തിന് മുൻപ് ലഭിച്ചതായി കാണിക്കുകയും തുകയുടെ വിശദീകരണങ്ങൾ ചേർക്കാതെ മുൻബാക്കിയായി എഴുതിച്ചേർക്കുകയും ചെയ്ത കാലാവധി കഴിഞ്ഞ താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor’s EMD | 199864 |
| 2 | Suppliers EMD | 50507 |
| 3 | Contractors SD | 4970 |
| 4 | Suppliers SD | 135835 |
| 5 | Bidders SD | 5000 |
| 6 | Contractors Retention | 3430 |
| 7 | Election Deposit | 25000 |
| 8 | Deposit Received From Others | 77914 |

മേൽ അപാകത ചൂണ്ടിക്കാണിച്ച നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനായി സ്വീകരിച്ച നടപടി വിവരങ്ങൾ

അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ആക്കുപറമ്പ് മച്ചലത്ത് താഴെ മഠത്തിൽ മുക്ക് റോഡ് -കരിങ്കൽ കെട്ടിന് അമിത നിരക്ക് നൽകി - പഞ്ചായത്തിന് അധിക ചെലവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

പ്രൈസ് ഫയൽ നമ്പർ : 32887/2022

ഓഡിറ്റ് വർഷം ആക്കുപറമ്പ് മച്ചലത്ത് താഴെ മഠത്തിൽ മുക്ക് റോഡിന്റെ സംരക്ഷണത്തിനായി രണ്ടു വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പദ്ധതി പൂർത്തീകരിച്ച് ബിൽ തുക നൽകി. രണ്ടാമത്തെ പ്രവൃത്തി നിലവിലും ആരംഭിച്ചിട്ടില്ല. രണ്ടു പ്രവൃത്തികളിലും റോഡിനു കുറുകെ കൾവെർട്ട് നിർമ്മാണവും, കരിങ്കൽ സംരക്ഷണഭിത്തി നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു

| പ്രോജക്ട് നമ്പർ | 108/23 | 165/23 |
|---|---|---|
| അടങ്കൽ/ഫണ്ടിനം | 7,48,795<br>സംരക്ഷണഗ്രാന്റ്<br>റോഡിതരം | 14,90,000<br>സംരക്ഷണഗ്രാന്റ്<br>റോഡിതരം |
| ചെലവ് | 7,48,795/-<br>ബിൽ നം. 266/9.3.2023 | -- |

നിർവ്വഹണം നടന്ന പദ്ധതിയിൽ കരിങ്കൽ കെട്ടിന്റെ നിർമ്മാണത്തിന് ഉൾപ്പെടുത്തിയത് മോർഡിലെ ഐറ്റം 75.7.1 ആണ്. എന്നാൽ രണ്ടാമത്തെ പ്രവൃത്തിയിൽ ഇതിനായി ഉൾപ്പെടുത്തിയത് ഒബ്സേർവ്ഡ് ഡാറ്റയാണ്. ഇവയുടെ നിരക്ക് താരതമ്യപ്പെടുത്തിയാൽ ആദ്യ പദ്ധതിയുടേത് വളരെ ഉയർന്ന നിരക്കാണെന്ന് കാണാം. ഒബ്സേർവ്ഡ് ഡാറ്റയിൽ 3660.07/- രൂപ നിരക്കുള്ളപ്പോൾ, ആദ്യ പദ്ധതിയ്ക്ക് ഉൾപ്പെടുത്തിയത് 5951.13/- രൂപയാണ്. ഓഡിറ്റ് വർഷത്തിൽ ഇതേ രീതിയിൽ പ്രവൃത്തി നടന്ന "ഒരാംപോക്കിൽ കോഴിമുക്ക് റോഡ്" (പ്രോജക്ട് നം. 106/23) എന്ന പദ്ധതിയിലും ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കാണ് (3660.07/-) നൽകിയിട്ടുള്ളത്. ഒരേ കാലയളവിൽ രൂപീകരിച്ച് സാങ്കേതികാനുമതി നേടിയ പദ്ധതിയിൽ/എസ്റ്റിമേറ്റിൽ ഒരേയിനത്തിന് രണ്ടു വ്യത്യസ്ത/നിരക്കിൽ വൻ അന്തരത്തിലുള്ള ഇനങ്ങൾ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ വിവരിച്ച വിധം ഒരേ സമയം തയ്യാറാക്കിയ ഒരേ വിധത്തിലുള്ള പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യവും, ഒരേ വർഷത്തിൽ തന്നെ ഒരേ റോഡിന്റെ പ്രവൃത്തിയ്ക്ക് മേൽ വിധം രണ്ടു പദ്ധതികൾ രൂപീകരിക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ പദ്ധതിയിൽ ഇപ്രകാരം 75.268$M^3$ കരിങ്കൽ പ്രവൃത്തിയ്ക്ക് 4683.53/- (21.3% ടെണ്ടർ കുറവ്) രൂപ നിരക്കിൽ 3,52,519.94/- രൂപ

അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ശരിയായ ഇനം (ഒബ്സേർവ്ഡ് ഡാറ്റ) ഉൾപ്പെടുത്തിയിരുന്നെങ്കിൽ, ടെണ്ടർ കുറവ് കണക്കാതിരുന്നാൽ പോലും 75.268$M^3$ പ്രവൃത്തിയ്ക്ക് വേണ്ടി വരുമായിരുന്ന ചെലവ് 2,75,456.87/- മാത്രമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മിതത്വം ഉറപ്പാക്കാതിരുന്നതിനാലും, കരിങ്കല്ലിന്റെ മാർക്കറ്റ് വില പരിഗണിക്കാതെ DAR ലെ നിരക്ക് അതേ രീതിയിൽ നൽകിയതിനാലും പഞ്ചായത്തിനുണ്ടായ അധിക ചെലവ് 77,063/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. ഒരേ സമയം ഇത്തരത്തിൽ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

3-2 കൽപ്പത്തൂർ (ആക്കുപറമ്പ്)സബ്സെന്റർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ പ്രവൃത്തികൾ - നിരക്ക് കണക്കാക്കിയതിൽ പിശക്

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി 2021-22 ൽ രൂപീകരിച്ച് സ്പിൽ ഓവറായി ഓഡിറ്റ് വർഷം നടപ്പാക്കിയതാണ്. എൻ.എച്ച്.എം. ഫണ്ടാണ് വിഭവ സ്രോതസ്സ്. ടെണ്ടർ ചെയ്ത് എം. എം. ബാലകൃഷ്ണൻ എന്നയാളെ പ്രവൃത്തി ഏൽപ്പിച്ചു. പൊട്ടിപൊളിഞ്ഞ് പ്രവർത്തന രഹിതമായ രണ്ട് ശുചിമുറികൾ നവീകരിക്കുന്നതിനും, മഴക്കാലങ്ങളിൽ സൺഷേഡിനു വശങ്ങളിലൂടെ മഴവെള്ളം ഊർന്നിറങ്ങി ചുമർ നനയുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങളും, കെട്ടിടം മുഴുവൻ പെയിന്റിംഗ്, കാത്തിരുപ്പ് കേന്ദ്രം നവീകരണം എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. എന്നാൽ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ഫീഡിംഗ് റൂം, എ.സി.പി. നെയിം ബോർഡ്, ബാത്ത് റൂമിനു സൈഡിൽ റൂഫ് ഷീറ്റ് എന്നിവ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നടത്തിയത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. അലുമിനിയം പാർട്ടീഷൻ പ്രവൃത്തികൾക്കായി (Fixed Portion, Shutter Frame) എസ്റ്റിമേറ്റിൽ രണ്ടു വ്യത്യസ്ത തരം അലുമിനിയത്തിന്റെ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത് (Polyster Powder Coated 21.1.1.3, Powder Coated 21.1.2.2). എന്നാൽ രണ്ടു പ്രവൃത്തികൾക്കും ഒരേ വിധത്തിലുള്ള അലുമിനിയം ആണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് പ്രസ്തുത നിർമ്മിതി അസി. എഞ്ചിനീറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പാർട്ടീഷൻ പ്രവൃത്തികളുടെ Fixed Portions നായി ഉൾപ്പെടുത്തിയ DAR ലെ ഇനം 21.1.1.3 താരതമ്യേന കൂടിയ നിരക്കിലുള്ളതാണ്. യഥാർത്ഥത്തിൽ പ്രവൃത്തിയ്ക്ക് ഉപയോഗപ്പെടുത്തിയത് മുകളിൽ വിവരിച്ചതിൽ ഏതു അലുമിനിയമാണെന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് വിവരം അറിയിക്കേണ്ടതും, രണ്ടു വ്യത്യസ്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ശേഷം ഒരേ വിധത്തിലുള്ള അലുമിനിയം മുഴുവൻ പാർട്ടീഷൻ പ്രവൃത്തിയ്ക്കും ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

2. മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരം എ.സി.പി. നെയിംബോർഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി. ഈ പ്രവൃത്തിയിൽ എ.സി.പി. ഷീറ്റ് ഉറപ്പിക്കുന്നതിനായി ഉപയോഗിച്ച അലുമിനിയത്തിന് പ്രത്യേകം ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ മുകളിൽ വിവരിച്ച നിരക്ക് കൂടിയ ഇനത്തിന്റെ തുക അനുവദിക്കുകയാണുണ്ടായത്. എ.സി.പി. പ്രവൃത്തിയ്ക്കായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് മുകളിൽ നിന്നും വ്യത്യസ്തമായ അലുമിനിയമാണ്. ഈ അലുമിനിയത്തിന് പ്രത്യേകം കോട്ടിംഗ് ഇല്ല. താരതമ്യേന വില കുറഞ്ഞ അലുമിനിയം ഉപയോഗപ്പെടുത്തിയപ്പോഴും കൂടിയ നിരക്കിലുള്ള ഇനത്തിൽ ഉൾപ്പെടുത്തി തുക നൽകിയത് വിശദീകരിക്കേണ്ടതാണ്.

3. പുതിയ നിർമ്മിതികളും അവയുടെ പ്ലാസ്റ്ററിംഗ് പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളും എസ്റ്റിമേറ്റിലുണ്ടായിരുന്നു. ഇതിനൊപ്പം നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിന് പ്രത്യേകം ഇനം ഉൾപ്പെടുത്താതെ (Painting On Old Work) പുതിയ നിർമ്മിതിയ്ക്കുപയോഗപ്പെടുത്തുന്ന താരതമ്യേന കൂടുതൽ അളവ് പെയിന്റ് ആവശ്യമുള്ള, നിരക്ക് കൂടുതലുള്ള ഇനത്തിലുൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യത്തിലും യഥാർത്ഥ ഇനം

ഉൾപ്പെടുത്താതെ തെറ്റായ ഇനം ഉൾപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

4. GI Chain Link With PVC Coat പ്രവൃത്തിക്കു പകരം മെഷിന് ഏകദേശം 10mm മാത്രം വിസ്തൃതി വരുന്ന Welded Type Mesh സ്ഥാപിക്കുകയാണ് ചെയ്തിരിക്കുന്നത്. തെറ്റായ ഇനമുപയോഗിച്ച് പ്രവൃത്തി നടത്തിയപ്പോഴും GI Chain Link ന്റെ അളവായി രേഖപ്പെടുത്തിയതും, തുക നൽകിയതും വിശദീകരിക്കേണ്ടതാണ്.

5. ഷീറ്റ് റൂഫ് ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതിക്കിയപ്പോൾ Ex2 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് Precoated Galvanised Iron Profile Sheet ആണ്. എന്നാൽ ഈയിനത്തിന്റെ നിരക്ക് കണക്കാക്കിയതിൽ പിശക് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്കും യഥാർത്ഥത്തിൽ വേണ്ടിയിരുന്ന നിരക്കും താഴെ ചേർക്കുന്നു.

Ex-2 51.20 - Providing and fixing precoated galvanised iron profile sheets (size, shape and pitch ofcorrugation as approved by Engineer-in-charge) 0.35 mm (+0.05%), total coatedthickness with zinc coating 120 grams per sqm as per IS: 277, in 240 mpa steel grade, 5-7 microns epoxy primer on both side. of the sheet and polyester top coat 15-18 microns.Sheet should have protective guard film of 25 microns minimum to avoid scratchesduring transportation and should be supplied in single length upto 12 metre or as desiredby Engineer-in-charge. The sheet shall be fixed using self drilling/self tapping screws ofsize (5.5x55mm) with EPDM seal, complete upto any pitch in horizontal/ vertical orcurved surfaces, excluding the cost of purlins, rafters and trusses and including cutting tosize and shape wherever required.

| | | | |
|---|---|---|---|
| Rate as per Data for 1M2 | | | 539.40 |
| MR Rate | | 396.73 | |
| 10% OH | | | 39.67 |
| 10%CP | | | 43.64 |
| | | | 622.71 |
| Cost Index 36.44 % | | | 226.92 |
| Total | | | 849.637 |
| Deduct Tender % of | 0 % Above E/R | | 0 |
| | | Net | 849.63 /M2 |

മുകളിൽ വിവരിച്ച വിധമാണ് എസ്റ്റിമേറ്റിൽ തുക കണക്കാക്കിയിരുന്നത്. എന്നാൽ താഴെ കൊടുത്ത വിധം 568.04/-രൂപ നിരക്കാണ് നൽകേണ്ടിയിരുന്നത്.(പിശക് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നിർവ്വഹണം നടത്തിയ അസി.എഞ്ചിനീയർ തന്നെ പുന:കണക്കാക്കി നൽകിയത്). ഈ പിശക് കാരണം 5494/-രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. (യഥാർത്ഥത്തിൽ നൽകേണ്ട തുക 19.51 എം$^2$ X 568.04= 11082.46. നൽകിയ തുക 16576.28/-(1951x849.63) അധികം നൽകിയത് = 5494/-).

Ex-2 51.20 - Providing and fixing precoated galvanised iron profile sheets (size, shape and pitch ofcorrugation as approved by Engineer-in-charge) 0.35 mm (+0.05%), total coatedthickness with zinc coating 120 grams per sqm as per IS: 277, in 240 mpa steel grade, 5-7 microns epoxy primer on both side. of the sheet and polyester top coat 15-18 microns.Sheet should have protective guard film of 25 microns minimum to avoid scratchesduring transportation and should be supplied in single length upto 12 metre or as desiredby Engineer-in-charge. The sheet shall be fixed using self drilling/self tapping screws ofsize (5.5x55mm) with EPDM seal, complete upto any pitch in horizontal/ vertical orcurved surfaces, excluding the cost of purlins, rafters and trusses and including cutting tosize and shape wherever required.

| | | | |
|---|---|---|---|
| Rate as per Data for 1M2 | | | 539.40 |
| MR Rate | | 396.73 | |
| 1% WC | | 3.97 | |
| 15%CPOH | | 60.11 | |
| | | 460.81 | |
| Net for Cost Index | (539.40 - 460.81) | 78.59 | |
| Cost Index 36.44 % | | | 28.64 |
| Total | | | 568.04 |
| Deduct Tender % of | 0 % Above E/R | | 0.00 |
| | | Net | 568.04 /M2 |

മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. നിരക്ക് കണക്കാക്കിയതിൽ വന്ന പിശകുമൂലമുണ്ടായ അധിക ചെലവ് 5494/- രൂപ കരാറുകാരനിൽ / ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ക്രമ നം. 1, 2, 3, 4 എന്നിവയിൽ വിവിരിച്ച രീതിയിൽ യഥാർത്ഥത്തിൽ ചെയ്ത അലുമിനിയത്തിന്റെ തരം/ഗുണമേന്മയും, പഴയ നിർമ്മിതി മേൽ ചെയ്ത പെയിന്റ് പ്രവൃത്തിയുടെ അളവും പരിശോധിക്കേണ്ടതും അധികം നൽകാൻ ഇടയായ/കരാറുകാരന് അർഹതയുള്ള തുക കണക്കാക്കി ബാക്കി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. ഈ വിഷയം സംബന്ധിച്ച വ്യക്തമായ വിശദീകരണവും, തുക കണക്കാക്കി ഈടാക്കിയതിന്റെ വിവരങ്ങളും അറിയിക്കേണ്ടതാണ്.

### 3-3 ചേരിപ്പേരി കീരിക്കണ്ടി റോഡ് - സൈഡ് വാൾ നിർമ്മാണത്തിന് തെറ്റായ ഇനം ഉൾപ്പെടുത്തിയത് സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ: 46/23

മേൽ റോഡിന്റെ വലതുവശത്ത് ഏഴുമീറ്റർ ഉയരത്തിലുള്ള മൺഭിത്തി ഇടിഞ്ഞു വീണതിനെ തുടർന്ന് പ്രസ്തുത ഭാഗത്ത് RCC Retaining Wall നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ബഹുവർഷ പദ്ധതിയായി 2021-22 ൽ രൂപീകരിച്ച ഈ പദ്ധതിയ്ക്കായി സംരക്ഷണഗ്രാന്റ് റോഡ് ഫണ്ട് ആണ് വകയിരുത്തിയത്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും അളവു പുസ്തകവും പരിശോധിച്ചതിൽ ഐറ്റം 8 ആയി കോൺക്രീറ്റ് വാളിന്റെ നിർമ്മാണത്തിന് സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിയ്ക്ക് ഉൾപ്പെടുത്തിയത് DAR ലെ ഇനം 5.9.6 ആണെന്നു കാണുന്നു (നിരക്ക് 869.05/-). ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ Columns, Pillars, Piers, Abutments, Post And Struts എന്നിവയുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന ഇനമാണെന്ന് കാണുന്നു. വാളുകളുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്താവുന്ന വിധത്തിലുള്ള ഇനം 5.9.2 ആയി DAR ൽ ഉണ്ടായിരിക്കെ തെറ്റായ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

മേൽ പ്രവൃത്തി ചെയ്യുന്നതിനു അളവു പുസ്തക പ്രകാരം കരാറുകാരന് 1,29,164.76/- രൂപ (175.02 X 738) അനുവദിച്ചിട്ടുണ്ട്. 15.1% കുറവ് നിരക്കാണ് ഈയിനത്തിന് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. ഏതു കനത്തിലുമുള്ള കോൺക്രീറ്റ് വാളുകളുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിന് (Including Attached Pilasters, Butteresses, Plinth And String Courses) DAR ൽ ഇനം 5.9.2 ഉണ്ടായിരിക്കെ (നിരക്ക് 721.7/-) തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം, ടെണ്ടർ കുറവ് കണക്കാക്കാതെ 2853/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ടെണ്ടർ കുറവു കൂടി പരിഗണിച്ചാൽ ഈ നഷ്ടത്തിന്റെ വലുപ്പം 21,927/- ആയി കൂടും. ടെണ്ടർ കുറവ് കണക്കാക്കാതെയുള്ള നഷ്ടത്തുക 2853/- രൂപ ഈടാക്കി അറിയിക്കേണ്ടതും, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2022-23 | ഓഡിറ്റ് ചെയ്ത തീയതികളിൽ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1440000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 1440000 | 0 |
| | | 500000 | മമ്മിളിക്കുളം അംഗൻവാടി നിർമ്മാണം | 500000 | 0 |
| | | 277500 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകൽ | 277500 | 0 |
| | | 2500000 | മിൽക്ക് ഇൻസന്റീവ് | 2500000 | 0 |
| | | 300000 | കാലിത്തീറ്റ സബ്സിഡി | 300000 | 0 |
| | | 600000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 600000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2460000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി വിഭാഗം) | 2460000 | 0 |
| | | 180000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകൽ | 180000 | 0 |
| | | 500000 | മിൽക്ക് ഇൻസന്റീവ് | 500000 | 0 |
| | | 50000 | കാലിത്തീറ്റ സബ്സിഡി | 50000 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായപ | | 2022-23 | | 1,11,69,250 | 2222104 | 0 | 8947146 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 34,00,544 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 272044 |

| | |
|---|---|
| ആകെ | 3672588 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല. |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3672588 (3672588 +10000 രൂപ EMS Hospital Share) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൽപ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് FD | | 1 വർഷം | 36,72,588 | |
| 2 | EMS ആശുപത്രി ഷെയർ | | | 10,000 | |
| ആകെ | | | | 36,82,588 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4,992/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13, 2013-14 | 3-7 | 4992 | സൗദ. കെ.സി. അസി. എഞ്ചിനീയർ | 1220100597/24.5.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14.1 | കുടിവെള്ള ജലസേചന പദ്ധതികൾ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | 6(എ)1-3 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | 6(എ)1-8 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 3-1 | 2016-17 | 6(എ)2-5 | വീട് റിപ്പയർ ആവശ്യമുള്ളവർ | തുടരുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39683189 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36101273 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | 85410 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 890458 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 77063 | ശ്രീ. സുധീഷ് കുമാർ ഒ വി<br>അസി. എഞ്ചിനീയർ |
| 3-2 | 5494 | |
| 3-3 | 2853 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 3,74,380 | പി. നാരായണൻ, സെക്രട്ടറി |
| 1-19 | 3,00,000 | അനീഷ് അരവിന്ദ്, സെക്രട്ടറി |
| 1-23 | 1,60,598 | ശരത്ത് എം, വി.ഇ.ഒ |
| 1-31 | 55,480 | ഡോ.അബ്ദുൾ റാസിക്.ടി,മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും വിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. പി. നാരായണൻ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് | പുല്യക്കിൽ ഹൗസ്, കായണ്ണ ബസാർ-673 525 |
| അനീഷ് അരവിന്ദ്, സെക്രട്ടറി | സെക്രട്ടറി, നൊച്ചാട് ഗ്രാമപഞ്ചായത്ത് | ശ്രീഹരി നിവാസ്, ചേനോളി റോഡ്, പേരാമ്പ്ര - 673525 |
| ശരത്ത് എം, വി.ഇ.ഒ | കെ.എസ്.എഫ്.ഇ, നരിക്കുനി ബ്രാഞ്ച്, കോഴിക്കോട് | മുള്ളമ്പലത്തിൽ, നടുവല്ലൂർ, പാവണ്ടൂർ, കോഴിക്കോട്-673613 |
| ശ്രീ. സുധീഷ് കുമാർ ഒ വി<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ LID&EW സെക്ഷൻ, കോഴിക്കോട് കോർപ്പറേഷൻ | പ്രണവം ഹൗസ്, കൊളക്കാടത്ത്, പൊറ്റമ്മൽ, വെള്ളിപറമ്പ് പി. ഒ, കോഴിക്കോട്-8 |
| ഡോ.അബ്ദുൾ റാസിക്.ടി<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.), ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | പറമ്പത്ത് വീട്, കാവിൽൽ.പി.ഒ., നടുവണ്ണൂർ, കോഴിക്കോട് 673614 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/2022 തീ.29.9.22 | 1<br>(3) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/383(1)/2022 തീ.29.9.22 | 1<br>(3-19) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/383(10)/2022 തീ.29.9.22 | 7<br>(2-3, 2-5, 3-1, 3-7, 3-8 3-9, |

| | | |
|---|---|---|
| | | 3-18) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/383(11)/2022 തീ.29.9.22 | 4<br>(2-2(1,4), 3-3, 3-11, 3-20) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/383(12)/2022 തീ.30.9.22 | 3<br>(3-9, 3-11(1, 3), 3-12) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/383(13)/2022 തീ.30.9.22 | 13<br>1-3(7), 1-7(ഡി), 1-8(3, 4ബി), 1-11, 1-13(2) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി1/94/2022 തീ.21.4.22 | 1-1, 1-2(1, 3, 4, 7, 8, 9, 11, 13, 15, 16, 17, 18, 19), 1-4-5, 1-11, 1-13, 1-14, 1-16, 1-19, 1-20, 1-21, 1-22, 1-23, 3-1, 4-8, 4-10, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി1/90/2022 തീ.18.5.22 | 1-1, 1-2-2, 1-2-10, 1-2-12, 1-2-13, 1-2-15, 1-2-16, 1-2-17, 1-2-18, 1-2-20, 1-2-21, 1-4-1, 1-6, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-24, 1-26, 1-31, 1-33, 1-34, 4-8, 4-10, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി1/2065/2022 തീ.19.11.22 | 1-1 മുതൽ 1-34 വരെ, 3-1, 4-1 മുതൽ 4-11 വരെ |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4/1 dated 26-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nochad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nochad Grama Panchayat for the year 2022-2023

Date: 20/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Nochad Grama Panchayat for the Year 2022-2023.

**1.Major Observations**

a) Bank account is not included in AFS.

discrepancies / omission in carrying forwarding closing balance of previous year

**2.Other Observations**

a) Basic ratios to accounts are not included in AFS

b)The accuracy of the cash flow statement is not Certified in the audit.

c) Asset register not kept up to date

d) Demand entries are not recorded on time

e) Monthly reconciliations are not done between ledger balances and related registers

f)Grant amounts remaining to be spent do not match the bank account

Deputy Director,
District Audit Office, Kozhikode

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്